# ആചാരങ്ങളുടെ ശവപ്പറമ്പിൽ —

**— പി. പി. മുഹമ്മത്ത്കോയ, II പി. ഡി. സി.**

പള്ളിക്കൂടത്തെ മെയിൻറോഡുമായി ബന്ധിപ്പിക്കുന്ന ഇടുങ്ങിയ വഴിയിലൂടെ മമ്മത്ത് വരുന്നത് കണ്ടപ്പോൾതന്നെ,



മുററത്തു കളിച്ച്കൊണ്ടിരിക്കുകയായിരുന്ന ഹമീദും സുബൈദയും ലത്തീഫും പടിക്കലേക്കോടി. ബാപ്പയുടെ കയ്യിലുണ്ടായിരുന്ന മിഠായിപ്പൊതി ലത്തീഫും അരിയുടെ സഞ്ചിയും മീൻപൊതിയും ഹമീദും വാങ്ങി അകത്ത് പപ്പടം പൊരിക്കുകയായിരുന്ന കതീസുമ്മയുടെ പക്കൽ കൊടുത്തു. സാധനങ്ങളെല്ലാം യഥാസ്ഥാനത്ത്‌വെച്ച് കതീസു മുററത്തേക്കിറങ്ങി, മമ്മതിൻെറ വലയും കൊട്ടയും വാങ്ങിവെച്ചു.

പതിവിൽക്കവിഞ്ഞുള്ള അദ്ധ്വാനം കൊണ്ട് ക്ഷീണിതനായതിനാൽ മമ്മത്തുക്ക തോർത്തും സോപ്പുമെടുത്ത് കുളിക്കാൻ പോയി. കുളിച്ചു കഴിഞ്ഞപ്പോൾ നല്ല ആശ്വാസം തോന്നി—ശരീരത്തിന് മാത്രമല്ല ഹൃദയത്തിനും. വരാന്തയിലിരുന്നുകൊണ്ട്, അത്യാഹ്ലാദപൂർവ്വം മിഠായി ഓഹരി വെക്കുന്നത് മമ്മത്ത് കൗതുകത്തോടെ നോക്കിനിന്നു—പണ്ട്, രണ്ട് പൂച്ചകൾ അവക്ക് കിട്ടിയ അപ്പം കുരങ്ങിനെക്കൊണ്ടു ഓഹരിവെപ്പിച്ചത് അനുസ്മരിപ്പിക്കുംവിധമായിരുന്നു, പ്രായം കൂടിയ ഹമീദിൻെറ ഓഹരിവെക്കൽ. അടുക്കളയിൽ അത്താഴം പാകംചെയ്യുന്ന തിരക്കിലായിരുന്നു കതീസുമ്മ. മുഷിഞ്ഞ വസ്ത്രങ്ങളാണ് ധരിച്ചിരുന്നതെങ്കിലും, കാലത്തിൻെറ കൈകൾ അവരുടെ ശരീരത്തിൽ മായാത്ത അടയാളങ്ങൾ വരുത്തിയിരുന്നുവെങ്കിലും, കതീസുമ്മ ഇന്ന് പതിവിലേറെ സംതൃപ്തയായി കാണപ്പെട്ടു. എല്ലാവരുടേയും മുഖത്ത് സന്തോഷത്തിൻെറ കൊച്ചോളങ്ങൾ അലതല്ലിയിരുന്നു. അവരുടെ മുഖഭാവങ്ങൾ ഒരു പെരുന്നാളിൻെറ പ്രതീതി ജനിപ്പിച്ചിരുന്നു. കതീസുമ്മയെ വിവാഹംചെയ്തതിനുശേഷം നീണ്ട പത്തിരുപത്തഞ്ച് പെരുന്നാളുകൾ മമ്മതിൻെറ ജീവിതത്തിൽ കടന്നുപോയിട്ടുണ്ടെങ്കിലും, ത്യാഗനിർഭരമായ ചരിത്രങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ട് വന്നെത്തുന്ന ആ പുണ്യദിനങ്ങളിൽ മമ്മതിൻെറ പിതൃഹൃദയം കൂടുതൽ അസംതൃപ്തമായിരുന്നു. അയൽവീട്ടിലെ കുട്ടികൾ നിറപ്പകിട്ടാർന്ന

വസ്ത്രങ്ങളണിഞ്ഞുകൊണ്ട് പടക്കംപൊട്ടിച്ച് കളിക്കുമ്പോഴും അവിടെനിന്ന വിഭവസമൃദ്ധമായ സദ്യയുടെ വാസന ഉയരുമ്പോഴും തങ്ങൾക്ക് പുതുവസ്ത്രങ്ങളില്ലെന്ന് മററുള്ള കുട്ടികൾ അറിയാതിരിക്കുന്നതിന് വീട്ടിൽ ഒളിച്ചിരിക്കുന്ന കുട്ടികളുടെ ഒട്ടിയ വയർ കാണുമ്പോൾ രണ്ടു തുള്ളി വിഷം കൊണ്ട് ജീവിതത്തിന് ഒരു ഫുൾസ്റ്റോപ്പിടണമെന്ന്‌വരെ, മമ്മതിന് തോന്നിയിട്ടുണ്ട്.

അന്നാട്ടിലെ ഏററവും പ്രശസ്തവും പുരാതനവുമായ ''പള്ളിക്കര'' തറവാട്ടിലായിരുന്നു മമ്മത് ജനിച്ചത്. ആ തറവാടിന്റെ അന്തസ്സിനും പ്രതാപത്തിനുമനുയോജ്യമായവിധത്തിൽ തന്നെയായിരുന്നു മമ്മത് വളർത്തപ്പെട്ടത്. പക്ഷെ അയൽവീട്ടിലെ നാരായണനെപ്പോലെ സ്കൂളിൽ പോകണമെന്ന ആഗ്രഹം, ആ തറവാട്ടിന്റെ പാരമ്പര്യത്തിന്നു യോചിച്ചതല്ലെന്നുള്ള കാരണവന്മാരുടെ സങ്കുചിതമനസ്ഥിതി കാരണം ഒതുക്കി നിർത്തേണ്ടിവന്നു.

തികച്ചും സംതൃപ്തനായിവളർന്ന മമ്മതിന്ന് ഒരുകനത്ത ആഘാതം ഏററത്, ഉമ്മയും ബാപ്പയും വസൂരിപിടിച്ച് മരിച്ചപ്പോഴാണ്. എങ്കിലും നല്ലവനായ മൂത്താപ്പയുടെ സംരക്ഷ ബാപ്പയില്ലാത്ത വേദന അറിയാതെ മമ്മത് വളർന്നു.

കാലചക്രം ആർക്കും വേണ്ടി കാത്ത് നില്ക്കാതെ തിരിഞ്ഞപ്പോൾ, അന്നുവരെശരിയായി പരിഗണിക്കപ്പെട്ടിരുന്ന പലതും, തിരുത്തിയെഴുതേണ്ടിവന്നു, എങ്കിലും പള്ളിക്കര തറവാട്ടിലെ കാരണവന്മാർ, കാലത്തിന്റെ ചുവരെഴുത്ത് മായിക്കാൻ കഴിയാഞ്ഞതിനാൽ, തങ്ങളുടെ അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും മതത്തിന്റെ ലേബലിൽ നടത്തിക്കൊണ്ടിരുന്നു. അവർക്ക് 'റാൻ' മൂളാൻ ഒരുപററം യാഥാസ്ഥിതികരുമുണ്ടായിരുന്നു.

മൂത്താപ്പയുടെ മരണശേഷം ആ തറവാട്ടിന്റെ കാരണവസ്ഥാനം ഏറെറടുത്തത് മൂത്താപ്പയുടെ മകനായ കാദറായിരുന്നു. അന്നാട്ടിലെ ഏററവും വലിയ തറവാട്ടിന്റെ കാരണവസ്ഥാനം ലഭിച്ചപ്പോൾ നൂറുകണക്കിൽ നെല്ല് ചാക്കുകളുള്ള നെല്ലറയുടെയും, പുത്തൻ നോട്ടുകളുള്ള ഖജനാവിന്റെയും താക്കോല്യകൾ ലഭിച്ചപ്പോൾ അന്നുവരെ കാദറിൽ--അല്ല കാദറാജിയിൽ– മമ്മത് കണ്ടിരുന്ന എല്ലാ നല്ല ഗുണങ്ങളും അപ്രത്യക്ഷമായി. പ്രത്യക്ഷമായും പരോക്ഷമായും, മമ്മത് ആ വീട്ടിൽ താമസിക്കുന്നതിലുള്ള എതിർപ്പ് കാദറാജി പ്രകടിപ്പിച്ചു. കാദറാജിയുടെ കുത്തുവാക്കുകൾ അസഹ്യമായപ്പോൾ ഭാഗം വാങ്ങി കതീസുമ്മയെയും കൂട്ടി മമ്മത് മറെറാരു വീട്ടിൽ താമസമാക്കി.

ജീവിതത്തെപ്പററി അന്ന്‌വരെയുള്ള എല്ലാ ധാരണകളും, വളരെവേഗം തിരുത്തിയെഴുതേണ്ടിവന്നു മമ്മതിന്. സമയത്തിന് തിന്നാൻ ലഭിച്ചിരുന്നതുകാരണം, അദ്ധ്വാനിക്കുന്നതിനെപ്പററി വളരെയൊന്നും ആലോചിച്ചിരുന്നില്ല മമ്മതു്. പറമ്പുകളിൽ ശരിക്ക് അദ്ധ്വാനിക്കാത്തതുകാരണം, വിളവ് ക്രമേണ കുറഞ്ഞുവന്നു. ജോലിക്കാരെ നിയമിക്കാൻമാത്രം പറമ്പിൽ നിന്ന് വരുമാനമുണ്ടായിരുന്നില്ല.

ക്രമേണ ഏതാനും പറമ്പുകൾ വില്ക്കേണ്ടിവന്നു. അങ്ങനെ ഏതാനും കൊല്ലങ്ങൾക്ക്മുമ്പ് സുഭിക്ഷമായി, മൂന്നു നേരവും ആഹാരം കഴിച്ചിരുന്ന അവരുടെ അടുക്കള, പൂച്ചയുടെ ഉറക്കറയായി മാറി. ഒരു ജോലിക്കുവേണ്ടി മമ്മതു് പരമാവധി ശ്രമിച്ചു.

പക്ഷെ ഉന്നത ബിരുദങ്ങൾ നേടിയവർ പോലും തൊഴിലില്ലാതെ അലഞ്ഞു നടക്കുമ്പോൾ മലയാളത്തിൽ സ്വന്തം പേർ എഴുതുവാൻപോലും അറിയാത്ത മമ്മതിന്ന് ജോലി കിട്ടിയെങ്കിലെ അത്ഭുതത്തിനവകാശമുള്ളൂ.

മമ്മതിന്റെ കുടുംബത്തെ കൂടുതൽ ദരിദ്രരാക്കി കൊണ്ട് വർഷങ്ങൾ ഇഴഞ്ഞു നീങ്ങി. ഒരു ദിവസം രാത്രി, പകലത്തെ അലഞ്ഞുനടത്തത്തിനുശേഷം മമ്മത് വീട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച, ഹൃദയഭേദകമായിരുന്നു—ഇളയ മകൻ കോയ, വളരെ നാളുകൾക്കുശേഷം, ഉമ്മ ചകിരി പിരിച്ചു കൊണ്ടുവന്ന ചെമ്മീനും പൂളയും കണക്കിലേറെ അകത്താക്കിയതുകൊണ്ട്, തുടർച്ചയായി ഛർദ്ദിക്കുന്നു. ഡോക്ടറെ കൊണ്ട് വരാനോ മരുന്ന് വാങ്ങാനോ ഒരു പൈസ പോലും മമ്മതിന്റെ കയ്യിലില്ല. വീട്ടിലാണെങ്കിലും ഇനിയൊരു സാധനവും പണയംവെക്കാനില്ല. കതീസുമ്മയുടെ നിർബ്ബന്ധവും, കുട്ടിയുടെ ദയനീയനിലയും മൂലം മമ്മത്, കാദറാജിയെ സമീപിച്ച് പത്തുരൂപ ആവശ്യപ്പെട്ടു. കൊപ്പര വിററവകയിൽ പത്തിന്റെ ഇരുപത് നോട്ടുകൾ ഖജാനയിൽ വെച്ച് പൂട്ടുന്നതുകണ്ട മമ്മതിനോട്, കാദറാജി 'തന്റെ "പ്രാരാബ്ധങ്ങൾ" വിവരിക്കുകയും, വേണമെങ്കിൽ നാളെ അഞ്ചുറുപ്പിക തരാമെന്ന് പറയുകയുംചെയ്തു. കുട്ടിയുടെ ദയനീയനില വളരെ പ്രാവശ്യം വിവരിച്ചിട്ടും, ആ മനുഷ്യന്റെ കറപുരണ്ട ഹൃദയം ഖജാന തുറക്കാൻ മടിച്ചു. പക്ഷെ മനുഷ്യന്റെ സൌകര്യം പരിഗണിച്ചായിരുന്നില്ല സൃഷ്ടികർത്താവ് തന്റെ പരിപാടികൾ നടപ്പിലാക്കിയിരുന്നതു്.

മരണത്തെ തടുക്കാൻ കഴിയില്ലെന്ന് അറിയാമെങ്കിലും തന്റെ മകനുവേണ്ടി അവസാനമായി യാതൊന്നും ചെയ്യാൻസാധിച്ചില്ലല്ലൊ എന്നോർത്തപ്പോൾ, മമ്മത് കൂടുതൽ ദു:ഖിതനായി. ആ തീരാദു:ഖം ധീരമായ ഒരു തീരുമാനമെടുക്കാൻ ഇത്തരം മരണങ്ങൾ മേലിൽ വരുന്നത് ഒഴിവാക്കാൻ, മമ്മതിന്ന് ശക്തി നൽകി—കാലത്തിനൊത്ത് വേഷം കെട്ടാൻ പഠിച്ചിട്ടില്ലാത്ത തന്റെ തറവാട്ടിലെ കാരണവന്മാർ മമ്മതിന്നെതിരെ ഒരു സന്ധിയില്ലാത്ത യുദ്ധം നടത്തുമെന്ന്; തന്റെ നാട്ടുകാരുടെ മുഴുവൻ പരിഹാസപാത്രമാവേണ്ടിവരുമെന്നും മമ്മതിനറിയാമായിരുന്നു. എങ്കിലും തറവാടിന്റെ പേരിലുള്ള ദുരഭിമാനംമൂലം ഭാവിയിൽ ഒരു കുടുംബവും തന്റേതുപോലെയാകാതിരിക്കണമെന്ന് മമ്മത് ആഗ്രഹിച്ചു.....

'ടപ്പ്' 'ടപ്പ്'........

മമ്മതിന്റെ ദീർഘചിന്തകൾക്ക് ആ വാതിൽമുട്ട് അവസാനം കുറിച്ചു. വാതിൽ തുറന്നപ്പോൾ കയ്യിൽ പുകയുന്ന ചുരുട്ടുമായി, ആരെയും ദഹിപ്പിക്കത്തക്ക വിധത്തിലുള്ള ഒരു നോട്ടവുമായി നില്ക്കുന്ന കാദറാജിയെയാണ്.

'മമ്മത് !!' ആ വീടുമുഴുവൻ ആ ഉഗ്രശബ്ദത്താൽ വിറച്ചുപോയി.

പക്ഷെ യാതൊരു ഭാവഭേദവും കൂടാതെ ഒരു കസാര നീക്കിയിട്ടുകൊണ്ട് ഉപചാരപൂർവ്വം മമ്മത് പറഞ്ഞു "എന്താ ഇക്കാ വന്ന കാലിൽതന്നെ നിക്ക്ണ്,ഇരുന്നാട്ടെ കതീസെ രണ്ടുപാത്രം ചൂടുള്ള ചായ കൊണ്ടുവരൂ".

"പോയ് പട്ടിക്ക് കൊടുക്കെടാ, നിന്റെ ചായയും പലഹാരവും. നീ നാണംകെട്ട രീതിയിൽ ഉണ്ടാക്കിയ പയിസ കൊണ്ട് ചായ കുടിക്കാൻ മാത്രം ഈ കാദർ താക്കുല്ലടാ, അതോർമ്മവെച്ചോ"

"എന്താ ഇക്കാക്ക നിങ്ങൾ പറയുന്നതു്"?

'എടാ ഹംക്കെ, നീ ഇന്ന് ആ മുക്കോരെക്കുടെ കടലിൽ മീൻ പിടിക്കാൻ പോയില്ലെ ഇതിലും വലിയഒരഫമാനം നമുക്ക് വരാനുണ്ടോ, അങ്ങാടീക്കുടെ തല നീർത്തി ഇഞ്ഞി നടക്കാൻ കയ്യോ, അല്ലേലും നീയൊക്കെ പിറന്നതിൽ പിന്നെ ഈ തറവാട്ട് അധ :പതിച്ചിട്ടേയുള്ളു.

''അതേ ഇക്കാക്ക നമ്മുടെ തറവാട് അധ:പതിച്ചിട്ടുണ്ട്. പക്ഷെ അധ:പതിപ്പിച്ചത് നിങ്ങൾ തന്നെതാണ്. സ്വന്തം എളാപ്പയുടെ ഒരു പേരക്കുട്ടി സക്കറാത്തിന്റെ ഹാലിൽ കിടക്കുമ്പോൾ, ഇരുനൂറുറുപ്പിക പെട്ടിയിൽ വെച്ച്കൊണ്ട് എന്നോടെന്തേ പറഞ്ഞ് പയിസല്ലാന്ന്, അന്നൊക്കെ ഈ തറവാട് ബോധം എവിടെയായിരുന്നു. ഞങ്ങൾ പട്ടിണികിടന്ന് നരകിക്കുമ്പോൾ ഒന്ന് തിരിഞ്ഞുനോക്കുകയും ചെയ്യാത്ത നിങ്ങൾ, ഇപ്പോൾ ഉപദേശിക്കാൻ വന്നിരിക്കുന്നു-രക്ഷിക്കുന്നവനേ ശിക്ഷിക്കാൻ അവകാശമുള്ള എന്നതു മറന്നു പോയൊ''.

''എടാ നാണംകെട്ട പണിചെയ്യുന്നതും പോരാ, ഇനി എന്നെ പഠിപ്പിക്കും വേണോ, എടാ അന്റെ ബാപ്പന്റെ കാലത്ത് കേട്ടിട്ടുണ്ടോ, ഈ തറവാട്ടിൽ നിന്നൊരാൾ മുക്കോനായത്. തിന്നാനില്ലെങ്കിൽ മുണ്ടുമുറുക്കി എടുക്കാനാ അവർ പഠിപ്പിച്ചത്.''

''അതിന് വേറെ ആളെ നോക്കണം. ഞാൻ എന്റെ കുടുംബത്തെ പോറ്റുന്നതിനു ഈ വീട്ടിൽ പട്ടിണിമരണം ഒഴിവാക്കുന്നതിന് കടലിൽ പോയി ഹലാലായപണി ചെയ്യുന്നതു് നിങ്ങളുടെ തറവാടിന്റെ അന്തസ്സിന് പോരെങ്കിൽ, ആ തറവാട്ടിൽ അങ്ങനെ ഒരു മമ്മതു് പിറന്നിട്ടില്ലെന്ന് കരുതിയാൽ മതി.''

# അച്ഛൻ

**എൻ. പി. അബ്ദുൽകാദർ, താനൂർ** (പി. ഡി. സി.)

വണ്ടി വന്നിട്ടുണ്ടായിരിക്കുകയില്ല. എനിയും വളരെ ദൂരം നടക്കുവാനുണ്ട്. കാലുകൾ നീട്ടി വെച്ചു നടന്നു. അങ്ങകലെ, കിഴക്ക് ഭാഗത്ത്, ബാലാർക്കൻ തല പൊക്കുന്നതേയുള്ളു. എന്നിട്ടും എന്തൊരു ചൂടാണ്. ദേഹത്തിൽ സൂചികൊണ്ട് കുത്തുന്നതുപോലെ നെററിയിൽ വിയർപ്പ് തുള്ളികൾ പൊടിഞ്ഞ് നില്ക്കുന്നുണ്ട്. ഈ മാസത്തിൽ വെയിൽ ചൂട് കൂടിയതാണെന്ന് അമ്മൂമ്മ പറഞ്ഞതോർമ്മയുണ്ട്. സ്കൂൾ കുട്ടികൾ കളിച്ച് ചിരിച്ച് രസിച്ച്കൊണ്ട് കടന്നു പോയികൊണ്ടിരിക്കുന്നു. തൻെറ പ്രായക്കാരാണതിലധികവും. അവരെപ്പോലെ കുറച്ച് പുസ്തകങ്ങൾ കക്ഷത്തിലിറുക്കി കൂട്ടുകാരോടൊത്ത് ചിരിച്ച് രസിച്ച് അങ്ങിനെ നടന്നു പോകുവാൻ എന്തുമാത്രം ആഗ്രഹിച്ചതാണ്. അതനുഭവിക്കുവാനുള്ള ഭാഗ്യമില്ല. അല്ലെങ്കിൽ അവർക്ക് തന്നെപ്പോലെ ജീവിതത്തിലെ അല്ലലറിയേണ്ടിവന്നിട്ടുണ്ടായിരിക്കുകയില്ല. അവർക്കെല്ലാം അവരുടെ അച്ഛന്മാരുണ്ടായിരിക്കും. ഒരച്ഛൻെറ ലാളന അനുഭവിക്കുവാൻ തനിക്കിതുവരെ കഴിഞ്ഞിട്ടില്ലല്ലൊ. ഓർക്കുമ്പോൾ വേദന തോന്നുന്നു. ഓർമ്മകളെ, എന്നെ സ്വൈരമായി ജീവിക്കാനനുവദിക്കൂ. ഓർമ്മിക്കാതിരിക്കാൻ ശ്രമിക്കുകയാണ് നല്ലത്. ഒരുപക്ഷെ തൻെറ അച്ഛൻ എന്നോ ഈ നശ്വരമായ ലോകത്തിനോട് യാത്ര പറഞ്ഞിട്ടുണ്ടായിരിക്കും. അമ്മൂമ്മയോടതിന് മുമ്പ് അച്ഛനെപ്പററി ചോദിച്ചപ്പോൾ പറഞ്ഞതോർമ്മയുണ്ട് ''അച്ഛൻ വരും മോനെ''. അതു പറഞ്ഞ് കൊണ്ട് അമ്മൂമ്മ കണ്ണു തുടച്ചതെന്തിനാണ്? അന്നുമുതൽ സംശയം തുടങ്ങിയതാണ്. അച്ഛൻ വരില്ലെ? എത്ര പ്രാവശ്യം ഹൃദയത്തോട് ആവർത്തിച്ചാവർത്തിച്ച് ചോദിച്ച ചോദ്യമാണത്. ഉത്തരം കിട്ടുന്നില്ല. അച്ഛനെകുറിച്ചാലോചിക്കുമ്പോൾ ഹൃദയം മൂകമാവുകയാണ്.



അന്നൊരു ദിവസം അയൽ വീട്ടിൽ കളിക്കാൻ പോയപ്പോൾ ആ വീട്ടിൽ നാട്ട്‌വിട്ട് പോയി വന്ന ഒരാൾ തന്നെ ചൂണ്ടികാണിച്ച് തൻെറ അച്ഛനിപ്പോൾ എവിടെയാണെന്ന് ചോദിക്കുന്നത് കേട്ടു. ശ്രദ്ധിച്ച് നിന്നു എന്താണുത്തരം പറയുന്നതെന്ന് കേൾക്കാൻ. അന്നാണറിഞ്ഞത് അച്ഛൻ അമ്മൂമ്മയുമായി വഴക്കുണ്ടാക്കി പോയതാണെന്ന്. അന്ന് മുതൽ ഹൃദയ

ത്തിലൊരു വെള്ളിരേഖ പ്രകാശിക്കുവാൻ തുടങ്ങിയതാണ്; അച്ഛൻ ജീവിച്ചിരിപ്പുണ്ട്. പക്ഷെ ഇതുവരെ അതിനൊരു തെളിവില്ല.

അമ്മ മരിച്ചത് കുറേശ്ശെ ഓർമ്മയുണ്ട്. രോഗം പിടിച്ച് കിടന്നിരുന്ന അമ്മ എല്ലാ സമയത്തും തന്നെ പിടിച്ച് കിടന്നിരുന്ന പായയുടെ അടുത്തിരുത്തിയിരുന്നു താലോലിക്കുമ്പോൾ ഹൃദയം വിതുമ്പുകയാണ്. എല്ലാ ദിവസവും സ്റ്റേഷനിലേക്ക് പുറപ്പെടുമ്പോളും അമ്മ കിടക്കുന്ന ഭാഗത്തേക്കൊന്നു നോക്കിപ്പോകും. എന്തോ അറിയാതെ മുഖം അങ്ങോട്ട് തിരിഞ്ഞുപോകും. അമ്മയുണ്ടായിരുന്നെങ്കിൽ ഇത്ര കഷ്ടപ്പെടേണ്ടതില്ലായിരുന്നു. കണ്ണിന്റെ കാഴ്ച ശക്തി മിക്കവാറും നശിച്ചു കഴിഞ്ഞ അമ്മൂമ്മക്ക് എല്ലാം ചെയ്തു കൊടുക്കേണ്ടത് താനിപ്പോൾ ഒരാൾ മാത്രമാണ്. അതിൽ പരിഭവമില്ല. എന്നാലും.......................

ഓ......ഇന്ന് അമ്മൂമ്മക്ക് മരുന്ന് വാങ്ങിക്കണമെന്ന് വിചാരിച്ച ദിവസമാണ്. കീറി തുടങ്ങിയ ട്രൗസറിന്റെ പോക്കററിൽ കൈയിട്ടു നോക്കി. പൈസ തികയുകയില്ല. രാവിലെയുള്ള വണ്ടിക്കു തന്നെ വല്ലവരുടെയും ലഗ്ഗേജ് കിട്ടണം. എന്നാൽ തരക്കേടില്ല. വൈകുന്നേരമാകുമ്പോഴേക്കും വല്ലതും കിട്ടും. എത്രകാലമായി താനീ ചുമട് ചുമക്കാൻ തുടങ്ങിയിട്ട്. ആദ്യമൊക്കെ ബസ്സ് സ്റ്റാൻഡിലായിരുന്നു. അടുത്ത കാലത്താണ് റെയിൽവെസ്റ്റേഷനിലേക്ക് മാറിയത്.

ഹോട്ടലിന്റെ മുമ്പിലെത്തിയപ്പോൾ സുഖമുള്ള ഗന്ധം മൂക്കിലേക്ക് അനുവാദം കൂടാതെ കടന്നു. അങ്ങോട്ടൊന്നു നോക്കിപ്പോയി. ചില്ലലമാറകളിൽ പലഹാരങ്ങൾ അടുക്കിവെച്ചിരിക്കുന്നു. അപ്പോഴാണ് വയററിൽനിന്നും വിശപ്പ് തലപൊക്കുന്നത്. ചില്ലറ പൈസയുള്ളത് തീരുമ്മികൊണ്ട് കയറുമ്പോഴാണ് ''ദാ വല്ലതും തന്നിട്ട് പോവണേ........മോക്ഷം കിട്ടും....''. നോക്കിയപ്പോൾ അമ്മൂമ്മയുടെ പ്രായമുള്ള ഒരു സ്ത്രീ ചായക്കടയുടെ മുമ്പിലിരുന്ന് ഭിക്ഷ യാചിക്കുകയാണ്. അപ്പോഴാണ് ദീനംപിടിച്ച്, കീറിയ പായയിൽ ചുരുണ്ട്കിടക്കുന്ന അമ്മൂമ്മയുടെ രൂപം മനസ്സിൽ പൊങ്ങിവന്നത്. വേണ്ട, ഇന്ന് പ്രാതൽ കഴിക്കേണ്ട. മരുന്നിനുള്ള കാശ് തികയ്ക്കണം. ചായക്കടയിലേക്ക് കയറിയ പടികൾ ഇറങ്ങി നടന്നു.

വണ്ടി സാധാരണ വരുന്ന നേരം കഴിഞ്ഞല്ലോ. ഇന്ന് എത്രകഴിഞ്ഞിട്ടാണാവോ അതിന്റെ വരവ്. സ്റ്റേഷനിൽ ഒരു മൂലക്ക് വണ്ടി വരുന്നതും കാത്തിരുന്നു. കൂട്ടുകാരെല്ലാം അവിടവിടെയായി നടക്കുന്നുണ്ട്. സ്റ്റേഷനിൽ തിരക്ക് വർദ്ധിക്കുകയാണ്. കൂട്ടുകാരിൽ ആരോ വിളിച്ചുപറഞ്ഞു.''വണ്ടി വരുന്നുണ്ടെടാ....ഗോപീ'' ശരിയാണ് വണ്ടി വരുന്നുണ്ട്. വേഗം എഴുന്നേററ് കാത്ത്നിന്നു. വണ്ടി വന്ന് നിന്നപ്പോൾ എല്ലാ മുറികളിലും ഒരു മിന്നൽപര്യടനം നടത്തിനോക്കി. ഒന്നും കാണുന്നില്ല. ''കൂലി.......കൂലി.......'' ഉച്ചത്തിൽവിളിച്ച്നടന്നു. ആരും ശ്രദ്ധിച്ചില്ല. കൂട്ടുകാരിൽ ചിലർക്കെല്ലാം കിട്ടിയിട്ടുണ്ട്. വല്ലാത്ത വിഷമംതോന്നി. എന്തെങ്കിലും കിട്ടുമെന്ന് പ്രതീക്ഷിച്ചതായിരുന്നു. വയറിന്റെ അടിവശത്ത്നിന്നും വിശപ്പ് തലപൊക്കുന്നു. സഹിക്കാൻ കഴിയുന്നില്ല. അപ്പുറത്ത്, കുറച്ചകലെ, ഒരാൾ പെട്ടിയും സാധനങ്ങളുമായി പരുങ്ങി നില്ക്കുന്നു. ''സാർ....ഞാനെടുക്കട്ടെ'' ചോദ്യത്തിൽ ദയനീയത മുററിനിന്നിരുന്നു. ''ങ് ഹൂം'' ഒരു പരുക്കൻ സ്വരം അനുവാദംനല്കി. ഹൃദയത്തിൽ കുളിര് കോരിയിട്ടപോലെതോന്നി. സന്തോഷം കൊണ്ട് പെട്ടിക്ക് ഭാരം തോന്നിയില്ല. എവിടെക്കാണെന്നറിഞ്ഞില്ല. അയാളെ

പിന്നിൽ കാലുകൾ നീട്ടിവെച്ച് നടന്നു. കുറേ ദൂരംചെന്ന് ഒന്ന് ചുററുംനോക്കി. അയാൾ എന്തോ അന്വേഷിക്കുന്നതു പോലെ തോന്നി. വീണ്ടും അയാൾ നടക്കുകയാണ്. ''സാർ എവിടേക്കാണ് ?'' ചോദിച്ചുകഴിഞ്ഞതിനുശേഷമാണ് തോന്നിയതു് ചോദിക്കേണ്ടതില്ലായിരുന്നുവെന്ന് കാരണം അയാളിൽനിന്നും ഉത്തരമൊന്നും കിട്ടിയില്ല. അയാൾ വീണ്ടും ഒരു ഒഴുക്കൻമട്ടിലങ്ങനെ നീങ്ങുകയാണ്. ''ആ കാണുന്ന വീട് ആരതാണെടോ ?'' അയാൾ തിരിഞ്ഞുനിന്ന് തന്നോടായിട്ട് ചോദിച്ചു.

''സാറെ അത് ഗോവിന്ദൻ മാഷ്ടെതാണ്.'' അങ്ങോട്ട് ചൂണ്ടികാണിച്ച് കൊണ്ടുത്തരം നല്കി. ഗോവിന്ദൻ മാസ്റ്ററുടെ വീട്ടിൽ നിന്നാൽ തന്റെ വീട് നല്ലവണ്ണം കാണാം. പൊളിഞ്ഞ് വീഴാറായ ഒരു കൊച്ചു വീട്. അതിനുള്ളിൽ അമ്മൂമ്മ ഭൂതകാലസ്മരണകൾ അയവിറക്കികൊണ്ട് കിടക്കുന്നുണ്ടാകും. അച്ഛൻ വഴക്കുണ്ടാക്കി പോയതായിരിക്കും പ്രധാനമായി ചിന്തിക്കുക. ചിലപ്പോൾ ചുക്കിചുളിഞ്ഞ കവിളിലൂടെ ചൂടുള്ള കണ്ണുനീർ ഒലിച്ചിറങ്ങുന്നത് എത്രപ്രാവശ്യം കണ്ടതാണ്. പക്ഷെ അപ്പോഴൊന്നും ആശ്വാസത്തിന്റെ ഒരു കൊച്ചു വാക്കുപോലും പറയാൻ കഴിഞ്ഞിട്ടില്ല. ആ ഭാഗത്തേക്ക് നോക്കാൻതന്നെ ഒരു മടിയാണ്. അതിൽ താൻ തെററുകാരനല്ല. ആശ്വാസവാക്കുകൾ പറഞ്ഞാലത് കത്തുന്ന തീയിലേക്ക് എണ്ണ ഒഴിക്കുന്നതുപോലെയാണ്.

''ഇവിടെ ഇറക്കി വെച്ചോ.'' അയാൾ പെട്ടിയും സാധനങ്ങളും താഴെ ഇറക്കാൻ ആജ്ഞാപിക്കുകയാണ്. ഗോവിന്ദൻ സാറിന്റെ വീട്ടിന് മുമ്പിലെത്തിയത് അപ്പോഴാണ് മനസ്സിലായത്. ഇറക്കി വെച്ചപ്പോൾ വല്ലാതെ കിതച്ചിരുന്നു. ഗോവിന്ദൻ സാറിന്റെ അമ്മ പുറത്തേക്ക് വന്നു നോക്കി കുറേ നേരം ആ മനുഷ്യന്റെ മുഖത്തേക്ക് പകച്ചു നോക്കി. അയാൾ ചിരിച്ച് കൊണ്ട് നില്ക്കുന്നു. ''അല്ലാ ; ഇതാരാ ഞമ്മളെ അപ്പുവല്ലെ. കണ്ടിട്ട് മനസ്സിലായില്ല.'' മാസ്റ്ററുടെ അമ്മ കുശലപ്രശ്നം നടത്തുകയാണ്. ''കുറെ കാലായി വന്നിട്ട്. അന്ന് അങ്ങിനെ പോകേണ്ടിവന്നു. ഇപ്പോ അമ്മയേയും ഭാര്യയേയും ഒക്കെ കാണാനൊരു ആഗ്രഹം.'' അയാൾ ഉത്തരം നല്കി. ''സാറെ ഞാൻ പോകട്ടെ. എന്റെ കൂലി തരണം.'' അടുത്ത വണ്ടിയുടെ സമയത്തെ കുറിച്ചാലോചിച്ച് കൊണ്ട് ചോദിച്ചു. അപ്പോഴാണ് മാസ്റ്ററുടെ അമ്മ തന്നെ കണ്ടത്. ''അല്ലാ ഇതാരാ ഗോപിയോ ? എടാ ഗോപി ഈ നില്ക്കുന്നത് ആരാണെന്ന് ഒന്ന് നോക്ക്.'' സൂക്ഷിച്ചു നോക്കി അയാൾ തന്നെയും. ആ തള്ളയുടെ മുഖത്തേക്ക് ജിജ്ഞാസയോടെ നോക്കി. തള്ള നിന്ന് ചിരിക്കുന്നു. ഒന്നും മനസ്സിലായില്ല. അയാളുടെ മുഖത്തേക്ക് നോക്കികൊണ്ട് വൃദ്ധ പറഞ്ഞു ''അത് ആ നില്ക്കുന്നത് നെന്റെ മോനാ. ഒന്ന് നല്ലോണം നോക്ക്.'' എന്താണ് കേട്ടത്. തന്റെ അച്ഛനാണോ ഈ നില്ക്കുന്നത്. ശബ്ദിക്കാൻ കഴിയുന്നില്ല. കഴുത്തിലെന്തോ തടഞ്ഞിരിക്കുന്നതുപോലെ. അച്ഛൻ തന്നെ സൂക്ഷിച്ച് നോക്കി നില്ക്കുകയായിരുന്നു. ആ ചുവന്ന കണ്ണുകളിൽനിന്നും കണ്ണീർ തുള്ളികൾ ഇററി ഇററി വീണു. ''അ....ച്ഛ....ൻ'' അധരങ്ങൾ മന്ത്രിച്ചു. ഒരു കൊച്ചു കാററവിടെ പരതി നടന്നു. സൂര്യൻ മുകളിലോട്ട് കയറുകയായിരുന്നു.

# ''ഇരുട്ടറ''

— എം. ടി. ആസ്യ, പി. ഡി. സി.

ശാരി ! ''മുററടിച്ചോ'' ഏടത്തി ചോദിച്ചു. ''അടിച്ചുവാരാം ചേച്ചീ ! ഈ പാത്രം ഒന്നു കഴുകട്ടെ'' ശാരി മറുപടി പറഞ്ഞു.



''നിന്നോടു് നിത്യം പറയണം ല്ലെ ! കഴുതേ''. അത്ര മതി കഴുകീതു്.

ശാരി ചൂലെടുത്തു് കിഴക്കെ മുററം അടിച്ചുവാരിത്തുടങ്ങി. കരിയും, പുകയും നിറഞ്ഞ മുണ്ടു് മുട്ടുവരെ മാത്രമെ എത്തുന്നുള്ളു. വിശാലമായ പടിഞ്ഞാറെ മുററം തൂത്തുവാരാൻ ശാരിക്കു് കഴിഞ്ഞില്ല. ദേഹമാകെ വിയക്കുന്നതുപൊലെയും, തലവേദനിക്കുന്നതുപോലെയും അവൾക്കു് തോന്നി. അവൾ മെല്ലെമണ്ഡപപ്പുരയുടെ തിണ്ണയിൽ ചാരികിടന്നു.

''എടീ! നിയ്യാപശുവിനെ അഴിച്ചു് കൊണ്ടന്നൊ'' ഏടത്തി മാളികയിൽ നിന്നും ചോദിച്ചു....... മറുപടി ലഭിക്കാത്തതു കണ്ടപ്പോൾ അവർക്കു് വീണ്ടും കലികേറി. അപ്പോഴാണു് വലത്തെ കയ്യിൽ ചൂലും പിടിച്ചു് ശാരി 'മണ്ഡപപ്പുരയുടെ' തിണ്ണയിൽ കിടക്കുന്നതു് ഏടത്തി കണ്ടതു്. അവർ കലികൊണ്ടു് മാളികയിൽനിന്നും ഓടിവന്നു് ശാരിയെ വലിച്ചു് എഴുന്നേൽപ്പിച്ചു.

എന്താ നാശംപിടിച്ചതേ! നിനക്കൊന്നു് മിണ്ടിക്കൂടേ! നാവു് ഇറങ്ങിപ്പോയൊ. ഹൊ ! മുററടിച്ചു് ''ഓളു് കഴഞ്ഞിയേ'' ! പൊയ്ക്കോ നിയ്യു് അവിടന്നു്...........

ശാരി ആടി....ആടിക്കൊണ്ടു് നടന്നു. അവളുടെ കാലുകൾ നിലത്തു് ഉറയ്ക്കുന്നില്ല.

''പശുവിനെ അഴിച്ചു് കൊണ്ടു് വാടീ'' ! കുരുത്തംല്ലാത്തതെ............

യാന്ത്രികമായി ശാരിയുടെ കാലുകൾ വളപ്പിലേയ്ക്കു് പശുവിനെ അഴിച്ചു കൊണ്ടുവരാനായി ചലിച്ചു. ശാരിക്കു് താൻ എവിടെ എന്നൊ എന്തിനെന്നൊ പോകുന്നതെന്നു് അറിയുന്നില്ല. ഏടത്തിയുടെ അടികൊണ്ടു് തഴമ്പു് പൊട്ടിയ ആശരീരം ഇനിയും അടികൊള്ളാതിരിക്കാൻ കഴിവതും ശ്രമിക്കുകയാണു്.

പതിമൂന്നു് വയസ്സുകാരിയായ ശാരി രാമകൃഷ്ണന്റെ ഏക സഹോദരിയാണു്. മാതാപിതാക്കന്മാരുടെ ലാളനങ്ങൾക്കുപകരം സ്വല്പകാലത്തെ സഹോദരന്റെ ലാളനവും വളരെക്കാലത്തെ ജ്യേഷ്ഠഭാര്യയുടെ അടിയു

മാണ് ശാരിക്ക് ലഭിച്ചിരുന്നത്. രാമകൃഷ്ണന്ന് സഹോദരിയെ ലാളിക്കാൻ കഴിയാതെവന്നു. ഓഫീസിൽ ജോലിക്ക് പോകേണ്ടുന്ന അദ്ദേഹത്തിന്ന് സഹോദരിയുടെ രക്ഷക്കായി വീട്ടിൽ നില്ക്കാൻ തരമില്ലെന്നായി. തന്റെ സഹോദരിയുടെ നന്മക്കായി അദ്ദേഹം വിവാഹിതനായി.

പുതിയ ഏട്ടത്തിഅമ്മയെ ശാരിക്ക് നന്നായിഇഷ്ടപ്പെട്ടു. കല്യാണസാരിയുമുടുത്ത് രാമകൃഷ്ണന്റെ ഒപ്പം കാറിലിരുന്ന ഏടത്തിയമ്മയെ മിഠായിവെള്ളം നിറഞ്ഞ കൈകൾകൊണ്ട് പിടിച്ച് ഉമ്മവെച്ചു. അവൾക്ക് ദേഷ്യം പിടിച്ചു.

ഇത് എന്തൊരു നാശം ! അവൾ മുഖം തിരിച്ചു അന്നുമുതൽ ശാരിക്ക് അവളെ വലിയ ഭയവും, ഏട്ടത്തിയമ്മക്ക് ശാരിയെ വെറുപ്പുമാണ്. രാമകൃഷ്ണന്ന് യാതൊരു മനസ്സമാധാനവുമില്ലാതായി. നിത്യവും സ്വന്തം പെങ്ങളുടെ കുററങ്ങൾ മാത്രമാണ് അദ്ദേഹത്തിന്ന് ഭാര്യയിൽനിന്നും കേൾക്കുവാനുള്ള വാർത്ത. കരിയും പുകയും പിടിച്ച വസ്ത്രങ്ങളുമായി സ്വന്തം പെങ്ങളെക്കാണുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയം തകരാറുണ്ട്.............................................

പശുവിനെ അഴിച്ചുവിട്ടു. അപ്പോഴാണ് പശുക്കുട്ടി മുററത്ത് കിടക്കുകയാണെന്ന് ശാരിഓർത്തത്.

ഏടത്തീ ! പശുക്കുട്ടിയെ ........ കെട്ടിയിട്ടില്ല. ഒന്ന് ഓടിവരിൻ!

പശുക്കുട്ടി തുള്ളിക്കളിച്ച് ഓടിച്ചെന്നു പാലുകുടിക്കാൻ തുടങ്ങി. ശാരി എത്രതന്നെ ശ്രമിച്ചിട്ടും പശുക്കുട്ടിയെ പിടിച്ചുകററാൻ കഴിഞ്ഞില്ല. അവൾ കരയാൻ തുടങ്ങി.

എനിക്കു നേരമില്ലെടീ ! നിന്റെ കല്പന അനുസരിക്കാൻ. പശുക്കുട്ടി കുടിച്ചെങ്കിൽ ഇങ്ങ്വാ, നിന്നെയാണ് ഇന്ന് കറക്കുന്നത്.

അവൾ നേരെചെന്ന് കരഞ്ഞു നില്ക്കുന്ന ശാരിയുടെ തുടുത്ത കവിളിൽ മൂന്നു നാലു പ്രാവശ്യം അടിച്ചു. വേദന സഹിക്കവയ്യാതെ അവൾ പുളഞ്ഞു. പിന്നെ നല്ലൊരു ചവിട്ടുകൊടുത്ത് അവൾ വീണ്ടും അകത്തേക്ക്പോയി. ശാരി പുറകോട്ട് മറിഞ്ഞുവീണു. അപ്പോഴേക്കും പശുവും, കുട്ടിയും ചേട്ടന്റെ കൊച്ചുതോട്ടത്തിൽ എത്തിക്കഴിഞ്ഞിരുന്നു.

ശാരി നേരെ തന്റെ പ്രിയപ്പെട്ട ഇരുട്ടുമുറിയെ ശരണംപ്രാപിച്ചു. സൂര്യൻ പടിഞ്ഞാറെ വെൺഭിത്തിയിൽ മുട്ടിത്തുടങ്ങിയപ്പോൾ രാമകൃഷ്ണൻ ഓഫീസ് വിട്ട് പുറത്തിറങ്ങി. അദ്ദേഹം പോരുംവഴി തന്റെ കൊച്ചുതോട്ടത്തിലേക്കു ഒന്ന് എത്തിനോക്കി. ഹാ ! എന്ത് ശാരി പശുവിനെ കെട്ടിയിട്ടില്ലല്ലേ ? പശു തന്റെ പ്രിയപ്പെട്ടചെടികളെയെല്ലാം ചവിട്ടി മെതിച്ച് കുരുമുളകുവള്ളി എന്തി, എന്തി കടിക്കുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന് വേദനയും, അതേസമയം ആരോടെന്നില്ല, ദേഷ്യവും തോന്നി...................... ..............

ശാരീ !....................രാമകൃഷ്ണൻ ബൂട്ട്സ് തറയിൽ ചവിട്ടി ശബ്ദമുണ്ടാക്കിക്കൊണ്ട് ശാരിയെ വിളിച്ചു.

വിമ്മി, വിമ്മി കരയുന്ന ശാരി ചേട്ടന്റെ വിളി കേട്ടപ്പോൾ കണ്ണീർ തുടച്ച് വേച്ചു, വേച്ച് വന്നു.

ഹും............എന്താ നിനക്ക് ആ പശുവിനെ ഒന്ന് നോക്കിക്കൂടെ...... ...രാമകൃഷ്ണന്റെ കൈ നിയന്ത്രണംവിട്ടു.......ശാരി തറയിൽ കമിഴ്ന്ന് വീണു..................

ബോധം വീണപ്പോഴും അവളാ കിടപ്പിൽ തന്നെ. രാമകൃഷ്ണൻ തന്റെ മുറിയിൽ കയറി. അറിയാതെ പെങ്ങളുടെ നേരെ കൈ പതിച്ചതിൽ അയാൾ വല്ലാതെ വേദനിച്ചു. പെങ്ങളെ അടിച്ചതിൽ അദ്ദേഹം ചിന്താകുലനായി.

''എന്താ ! കാപ്പി കഴിക്കുന്നില്ലെ.''.....ഭാര്യ കാപ്പിയുമായി കേറിവന്നു.

'ഇല്ല' ചിന്താകുലനായിക്കൊണ്ടു തന്നെ രാമകൃഷ്ണൻ മറുപടി പറഞ്ഞു.

'ശാരിയെ അടിച്ചതുകൊണ്ടായിരിക്കും ല്ലെ ! ഹൊ! ഇങ്ങനെണ്ടൊ ഒരു പെങ്ങാം'. അവരാം കാപ്പി മേശപ്പുറത്തു് വെച്ച്് ഇറങ്ങി നടന്നു.'

ശാരി തൻെറ പ്രിയപ്പെട്ട ഇരുട്ട് മുറിയിലേക്ക് നടന്നു. ഊണു കഴിച്ച് എല്ലാവരും പോയി കിടന്നു. ശാരി വേദന സഹിക്കവെയ്യാതെ പൊട്ടിക്കരഞ്ഞു. മററൊന്നമല്ല അവളെ കൂടുതൽ വേദനിപ്പിച്ചത് ചേട്ടൻ തല്ലിയതായിരുന്നു. ഏടത്തി ശാരിയെ ഊണുകഴിക്കാൻ വിളിച്ചതുമില്ല വിളമ്പി വെച്ചതുമില്ല........

ദൈവമേ! ''ഈ നാശം ഇവിടെനിന്നു പോയാമതിയായിരുന്നു'' ഏടത്തി കിടന്നുകൊണ്ടു പ്രാത്ഥിച്ചു.

വീത്ത കൺപോളകളും വേദനിക്കുന്ന ഹൃദയവും, ദേഹവുമായി ശാരിയൊന്നു മയങ്ങി. മുറിയുടെ വാതിൽ പകുതിമാത്രം അടച്ച് മയങ്ങിയശാരി, തൻെറ പ്രിയപ്പെട്ട അച്ഛനമ്മമാരെ സ്വപ്നം കണ്ടു.

അവർ അവളെ സമാധാനിപ്പിച്ചതായും, അവർ താമസിക്കുന്ന വീട്ടിലേക്കു് അവളെ ക്ഷണിച്ചതായും അവരാക്കു് തോന്നി.

നേരം പുലന്നിട്ടും ശാരി എണീക്കാത്തതു കണ്ടപ്പോരാം രാമകൃഷ്ണൻ പരിഭ്രമമായി അയാരാം വാതിൽ തുറന്നു് ശാരിയെ വിളിച്ചു. അവരാം മിണ്ടിയില്ല.

ശാരീ ! കലുക്കിവിളിച്ചുകൊണ്ടു രാമകൃഷ്ണൻ പറഞ്ഞു ''ഹാ ! പൊള്ളുന്ന പനി'',

ശാരി കൺതുറന്നപ്പോഴേക്കും അദ്ദേഹം അവിടെനിന്നു് പുറത്തിറങ്ങി. ശാരി ചുററും തുറിച്ചുനോക്കി. ഇരുട്ട് മാത്രം........ കട്ടപിടിച്ച ഇരുട്ട്.

ഡാക്കരുടെ വരവ് അറിയിച്ചുകൊണ്ടു് കാർ ഹോണടിച്ചു........മാളികയിൽനിന്നുകൊണ്ടു് ഏടത്തി ജനൽപാളിയിലൂടെ എത്തിനോക്കി. ''ഹൊ ! ശല്യം............... ഈ കീരിം ! ശാരീം. കൈക്കൊണ്ടു് തുലഞ്ഞു'' അവരാം മെല്ലെ താഴെക്കിറങ്ങിവന്നു.

രാമകൃഷ്ണൻ ഡാക്കർക്ക് കസേര നീക്കികൊണ്ടു് ഇരിക്കാൻ പറഞ്ഞു. ശാരിയെ വിളിക്കാൻ ഭാര്യയോട്ട് പറഞ്ഞു. അവരാം നേരെ മാളികയിലോട്ട് തന്നെ തിരിച്ചു.

ശാരിയെ കാണാതിരുന്നപ്പോരാം രാമകൃഷ്ണൻ അകത്തേക്കു്ചെന്നു........................

ഡോക്ടർ ശാരിയെ പരിശോധിച്ചിട്ടു പറഞ്ഞു ''കാര്യം ഗൗരവമാണു്. ഇപ്പോരാം തന്നെ ഹോസ്പററലിലേക്കു മാററണം. മസൂരിയുള്ള തുടക്കമാണ്.'' രാമകൃഷ്ണനൊന്നു് നടുങ്ങി.

ശാരിയെ കാറിൻെറ പിന്നിലിരുത്തി താങ്ങിപ്പിടിച്ചുകൊണ്ടു് രാമകൃഷ്ണൻ ആസ്പത്രിയെ ലക്ഷ്യമാക്കി ഡ്രൈവറോട്ട് കാറോടിക്കാൻ ആഗ്യം കാണിച്ചു. ചീറിപ്പാഞ്ഞുകൊണ്ടിരുന്ന ആ കാർ ഒരു കൂററൻ കെട്ടിടത്തിൻെറ മുമ്പിൽ പെട്ടെന്നു നിന്നു. ചർദ്ദിച്ചു തളന്നശാരിയെ രാമകൃഷ്ണൻ താങ്ങിക്കൊണ്ടു് ഹോസ്പററലിനുള്ളിലേക്കു് കടന്നു. 7-ാം നമ്പ്ര് വാർഡിലാണ് ശാരിക്ക് കിട്ടിയ സീററു്.

രാമകൃഷ്ണൻ ശാരിയുടെ ശുശ്രൂഷക്കായ് ലീവെടുത്തു. വീട്ടിൽ രാമകൃഷ്ണൻചെല്ലാതെയായി. ഹോട്ടലിലെ ഊണും ഉറക്കവും കാരണം അദ്ദേഹം ക്ഷീണിച്ചു.......

''ദൈവമേ ! ഈ ശാപം ഒന്നു് നശി

ച്ചെങ്കിൽ'' അവരം വീട്ടിലിരുന്ന് വിചാരിച്ചു. ഈ പെണ്ണിനെക്കൊണ്ട് ''ഉള്ളവനെ''ക്കൂടി കാണാൻ കിട്ടാതായി''........

എല്ലു തുളച്ചുകൊണ്ട രണ്ടുമൂന്ന ദിവസത്തിനുള്ളിൽ ''പാണപ്പഴം''പോലെ ഇളം ചുവപ്പാന്ന പൊള്ളകരം ശാരിയുടെ ദേഹത്തിൽ പൊന്തിവന്നു. അവരം ഞരങ്ങിയും, മൂളിയും കിടക്കയിൽ തിരിഞ്ഞുംമറിഞ്ഞും കിടന്നു..........................

അയ്യോ ! അവരം നിലവിളിച്ചു........

ചിന്താനിമഗ്നനായിപുറത്തേക്കുനോക്കിനിന്നിരുന്ന രാമകൃഷ്ണൻ ഞെട്ടിത്തിരിഞ്ഞു. താഴോട്ട് വീഴാറായിക്കിടക്കുന്ന ശാരിയുടെ അടുത്തേക്കു് ഓടിവന്ന് അവളെ ശരിക്കു് കിടത്തി.

ചേട്ടാ !...........അവരം വിളിച്ചു........ വികൃതമായ ആ കവിളിൽക്കൂടി കണ്ണുനീർ പ്രവഹിച്ചു...............

ശാരീ !...........രാമകൃഷ്ണൻ വിതുമ്പി. ''കര..........യരുതു്........ചേട്ടാ............'' ശ്വാസം തൊണ്ടയിൽ കുടുങ്ങി കണ്ണുകരം തുറിച്ച് അവരം നിശ്ചലയായി........

ഏം........ശാരി ശബ്ദിച്ചു....

ചേട്ടാ !.....ഞാനൊന്നു........പറഞ്ഞാൽ.... എനിക്കു്...........അതു്...........നിറവേററിത്തരുമോ...........?

''തരാം...........പെങ്ങളെ''...........

''ഏടത്തി......യമ്മയെ .......ഒന്ന്.... ഇങ്ങോട്ടു്............കൊണ്ടുവരോ............?

''ഹാ വയ്യ.......'' ചേട്ടാ......വെള്ളം .......വെള്ളം........

രാമകൃഷ്ണൻ അവളുടെ മുഖമുയർത്തി, കെററിലിൽനിന്ന് വെള്ളം അവളുടെ വായിലേക്കു് ഒഴിച്ചുകൊടുത്തു.........'ഗ്ലു, ഗ്ലൂ'.....വെള്ളം വായിൽനിന്നും ഒലിച്ചു... രാമകൃഷ്ണൻ ഒരു മുണ്ടെടുത്തു് വായിൽനിന്നു പുറത്തേക്കു് ഒലിച്ചിറങ്ങിയ വെള്ളം തുടച്ചു.

പഴുത്തു, തുടിച്ച ഒരു പൊള്ള പൊട്ടി രക്തം ഒലിച്ചു..........വികൃതമായി ശാരി ചേട്ടനോടു് ഒന്നു മന്ദഹസിച്ചു......അവളുടെ വീർത്ത കണ്ണുകരം അല്പമൊന്ന് വിടന്നു.

ചേട്ടാ ... ! ആ ചുണ്ടുകരം അനങ്ങി....

അവളുടെ വികൃതമായ മുഖത്തു് ഏതോ ഒരു പുതിയ തേജസ്സ് പ്രകാശം പരത്തുന്നതായി രാമകൃഷ്ണനു തോന്നി. ''ആ കണ്ണുകരം'' വീണ്ടും അടഞ്ഞു.

രാമകൃഷ്ണൻ തന്റെ പെങ്ങളുടെ വിരൂപമായ ജഡത്തിൽ കെട്ടിപ്പിടിച്ച് ഒരു കൊച്ചു കുഞ്ഞിനെപ്പോലെ പൊട്ടിക്കരഞ്ഞു.

ശാരി തന്റെ പ്രിയപ്പെട്ട ഇരുട്ടുമുറിയെ ചിലന്തികരംക്കായി സംഭാവന ചെയ്തു്, അച്ഛനമ്മമാരുടെ താമസ സ്ഥലത്തേക്കു് മാലാഖമാരോടൊത്തു് യാത്രതിരിച്ചു.

# കുററം

— വി. യം. ഹാഷിം, പി. ഡി. സി.

ഫൂ..................... ഫൂ.....................

തുടച്ചയായി ഊതികൊണ്ടിരുന്നു. എന്നിട്ടും കത്തുന്നില്ല. അങ്ങനെ കുറെ സമയം തുടച്ചയായി ഊതിക്കഴിയുമ്പോഠ നിവൎന്നുനിന്നു് പുറം ഒന്നു തടവും. അല്ല ങ്കിൽ ആക്കാണു് കടച്ചിലില്ലാതിരിക്കുക? എന്നിരുന്നാലും കല്യാണി നിവൎന്നു നിന്നു പുറം തടകാറില്ല ........................ ............... നിവൎന്നു നില്ക്കും............. പുറം കടയുമ്പോഠ നിവൎന്നുനില്ക്കും, പക്ഷെ അതു നമുക്കു് മനസ്സിലാകുകയില്ലെന്നു് മാത്രം. കാരണം കുമ്പിട്ടുകൊണ്ടാണു് പ്രകൃതം!

വീണ്ടും കുമ്പിട്ടു നിന്നു് ഊതിത്തുടങ്ങി. ഇടക്കു് വിറകു് ഒന്നു ഉള്ളിലേക്കു് തള്ളിവെച്ചുനോക്കും. ഫലം തഥൈവ.

എന്തിനാണു് അമ്മച്ചി ആ പാവത്തിനെ ശകാരിക്കുന്നതു്. കല്യാണി ഒരു മിനിട്ടു ഇരുന്നാൽ മതി തുടങ്ങും വഴക്കു്, തന്തയില്ലാത്തവളെ! നിന്നെ ഇവിടെ താമസിപ്പിച്ചതിൻെറ നന്ദിയാണോടീ ഇതു്, ! പോ പുറത്തു്!! ഇതൊന്നും മതിയാകാത്തപ്പോഠ രണ്ടു മൂന്നടിയും............ ............!! പാവം, ഒരു മൂലയിലിരുന്നു് കരയുകയല്ലാതെ മറെറന്തു ചെയ്യും.

കീഴ്പോട്ടു നോക്കിയപ്പോഠ അന്ധാളിച്ചുപോയി. ഒരു വിറകിൻകഷ്ണംപോലും കത്തിയിട്ടില്ല. വലത്തെ കൈ ട്രൗസറിൻെറ കീശയിലേക്കു് താഴ്ത്തിയപ്പോഠ തീപ്പെട്ടി കിട്ടി. ചിരട്ടയിലെ വെള്ളം തൊട്ടു നോക്കി വ്യസനം തോന്നി.......ഒ ലവലേശം ചൂടായിട്ടില്ല! പിന്നീടാണു് ആലോചിച്ചതു്, തീ കത്താതെ വെള്ള മെങ്ങിനെ ചൂടുപിടിക്കും?

തീപ്പെട്ടി കുലുക്കി നോക്കി കൊള്ളി യുണ്ടോ എന്നറിയാൻ........തുറന്നു നോക്കി യപ്പോഠ അഞ്ചാറുകൊള്ളി മാത്രമേ ഉണ്ടാ യിരുന്നുള്ളു. അപ്പൻ തീപ്പെട്ടി തിരക്കി യാൽ..........അതു് ഓക്കാൻ കഴിഞ്ഞില്ല കൊമ്പൻ മീശയും വിറപ്പിച്ചു അലമാ യിൽനിന്നു് ചുവന്ന ചൂരലുമെടുത്തു ആ ആടി വരും........ഠോ! ഠോ! രണ്ടെണ്ണം പെ ട്ടിക്കും! താൻ കരയുമ്പോഠ ആരും വന്നു പിടിക്കില്ല, കല്ല്യാണി അല്ലാതെ.......

അച്ചനോടു അടികൊണ്ടദിവസം പിന്നീടു ഇതുവരെ അച്ഛൻ തന്നെ അ ച്ചിട്ടില്ല. അന്നുതന്നെ കാരണമൊന്നു ല്ലാതെയാണടിച്ചതു്. സബിൻസ്പക്ടറാ അച്ഛൻ വല്ലവരെയും അടിക്കുന്നതു കണ്ടാ ആരും കരഞ്ഞു പോകും! ആ ചുവന്ന ചൂര കൊണ്ടെത്രകള്ളന്മാരെയാണടിച്ചിട്ടുള്ള പാവങ്ങഠ.

ഒരടി അച്ഛനു് കൊണ്ടു നോക്ക അതിൻെറ വേദന അറിയണമെങ്കി

തന്നെ അടിച്ചതു കട്ടിട്ടൊന്നുമല്ല. ചെറിയ ഒരു കററത്തിന്നു്.......കററമാണെന്നു് പറഞ്ഞുകൂടാ.........കററമാണെങ്കിൽ അച്ഛന്നു് നൂറു കണക്കിന്നു് അടി കൊണ്ടേനെ! പിന്നെ എന്തു കൊണ്ടു അച്ഛൻ തന്നെ മാത്രം അടിച്ചു? അങ്ങേതിലെ ബാബുവിനെ എന്തുകൊണ്ടടിക്കുന്നില്ല? താൻ വെറുതെ ഒരു ഹരത്തിന്നു് ചെയ്തതാണു്. അച്ഛൻ അടിക്കുമെന്നറിഞ്ഞിരുന്നെങ്കിൽ ചെയ്യുകയില്ലായിരുന്നു.........................

മേശപ്പുറത്തു സിഗരററു കുററി ഇടുന്ന പാത്രമുണ്ടായിട്ടും അച്ഛൻ കുററിതറയിലേക്കാണു് എറിയുക. വല്യ പവു്റാ......... പവു്റില്ലെങ്കിൽ എന്തിനാണതു് എറിയുന്നതു? പാത്രത്തിൽ ഇട്ടു കൂടെ? എങ്കിൽ ആ ഏറു കാണാൻ എന്തു രസമാണെന്നോ? സിഗരററു ഊന്നി ഊന്നി വലിച്ചു അവസാനം വലത്തെ കയ്യിന്റെ ചൂണ്ടു വിരൽ കൊണ്ടൊരു ചൊട്ടു! തിരിഞ്ഞു തിരിഞ്ഞു ആ സിഗരററു കുററി നിലത്തു വീഴും.........

താൻ പലപ്പോഴും അങ്ങിനെ എറിഞ്ഞുനോക്കും.................. വീഴില്ല........... ..........അതു കയ്യിൽതന്നെ ഉണ്ടായിരിക്കും, അല്ലങ്കിൽ ഷട്ടിൽ. പിന്നെയാണതിന്റെ കള്ളി മനസ്സിലായതു്. കത്താത്ത സിഗരററുകുററി എങ്ങിനെയാണു് എറിഞ്ഞാൽ ദൂരെ പോവുക?

ഓർമ്മയുടെ താളുകൾ ഓരോന്നായി ഹൃദയത്തിലൂടെ മറിഞ്ഞുപോയി.

അച്ഛൻ കളിക്കാൻ പോയതായിരുന്നു. നല്ല അവസരം...........പതിയെ ആഫീസുമുറിയിലേക്കു് പ്രവേശിച്ചു. തുറന്നു വെച്ച സിഗരററുപാക്കററു! അടുത്തുതന്നെ തീപ്പെട്ടിയും! താമസിയാതെതന്നെ അകത്തേക്കോടി, അമ്മച്ചി എന്തെടുക്കുകയാണെന്നറിയാൻ...... ....മീൻ മുറിക്കുകയായിരുന്നു.......അതുകൊണ്ടു വേഗം വരില്ല .......അച്ഛൻ കളിക്കുകയും.......................

കസേരയിൽ കയറി ഇരിപ്പുറപ്പിച്ചു. അച്ഛന്റേതുപോലെതന്നെ വലത്തെ കാൽ മേശയുടെ അടിയിലെ വള്ളിന്മേലും ഇടത്തെ കാൽ വലത്തെ കാലിന്റെ മുട്ടിന്മേലും കയററിവെച്ചിരുന്നു. ശബ്ദമുണ്ടാക്കാതെ സിഗരററു പാക്കററെടുത്തു. ഇയ്യക്കടലാസിൽ കയ്യ് തട്ടിയപ്പോൾ ഛരില്.......ഛരില്ല ശബ്ദമുണ്ടായി. നാശം! ഇയ്യക്കടലാസു മുഴുവൻ വലിച്ചു ചീന്തിക്കളഞ്ഞു ..........അപ്പോൾ കുറച്ചാശ്വാസംതോന്നി. ഇനി ശബ്ദമുണ്ടാകുന്നതെങ്ങിനെ? സിഗരററെടുത്തു പല്ലിന്മേൽ കടിച്ചു പിടിച്ചു. തീപ്പെട്ടി എടുത്തു് ഉരച്ചു കത്തിച്ചു............... ...............വലിച്ചു ...................... കണ്ണിലും മൂക്കിലും ആകെ വെള്ളം കയറിക്കൂടി. അതൊന്നും സാരമാക്കിയില്ല. സിഗരററു കയ്യിന്റെ ഇരുവിരലുകൾക്കിടയിൽ അമർത്തിപ്പിടിച്ചു.....................ഒരു ചൊട്ടു! വാസ്തവത്തിൽ അപ്പോൾ ഇളിച്ചമാണു് പിടിച്ചതു്. പക്ഷെ ഇളിച്ചം പിടിക്കാൻ സമയമില്ല. സിഗരററു് ഷട്ടിൽതന്നെ കിടന്നു പുകയുകയാണു്. വേഗം എടുത്തു് മേശമേൽ കത്തിക്കെടുത്തി. എന്തോ പിശകു പററിയിട്ടുണ്ടു..........അല്ലെങ്കിൽ എന്തുകൊണ്ടാണതു് ദൂരെ പോകാഞ്ഞതു്? പെട്ടെന്നാണു് ഓർമ്മയായതു. അച്ഛൻ സിഗരററു എടുത്താൽ ആദ്യമായി വാച്ചിന്മേലൊന്നു കുത്തും. അതു മറന്നുപോയിരിക്കുന്നു. അതിന്നു് വാച്ചെവിടുന്നാണു് കിട്ടുക?

മേശയുടെ വലിപ്പു തുറന്നു. വട്ടമുറം പോലുള്ള ഒരു വാച്ചു. അച്ഛന്നു് ആരോ സമ്മാനിച്ചതാണു്. ഏതോ പാപത്തിന്നെ

അടിച്ചിട്ടായിരിക്കും....................വാച്ചെ ടുത്തു കയ്യിലേക്ക് വലിച്ചിറക്കി. എവി ടെയും കൊള്ളുന്നില്ല. അവസാനം കക്ഷ ത്തിന്നടുത്തു പതുക്കെ ഉറപ്പിച്ചു സിഗരററെ ടുത്തു. വാച്ചിന്മേൽ ഒന്നു കുത്തി............. ആകെ ചുളിഞ്ഞുപോയി................വേഗം പല്ലിന്മേൽ കടിച്ചു പിടിച്ചു...........ആരു ടെയോ കാലൊച്ച കേറംക്കുന്നുണ്ടു തീപ്പെട്ടി യുരച്ചു കത്തിച്ചു.......അച്ഛൻതന്നെ............ എന്താണ് ചെയ്യേണ്ടതെന്ന് ഒരു പിടുത്ത വുമില്ല. ചാടി എഴുന്നേററു. ഠീം ! തറയി ലേക്ക് നോക്കി.............കരഞ്ഞുപോയി. വാച്ച് ! വേഗം സിഗരററു മുററത്തേക്കിട്ടു. വാച്ചിൻെറ ചില്ലിൻ കഷ്ണങ്ങറം പെറുക്കു കയായിരുന്നു. ഠേ !........ഠേ ! രണ്ടടി......... കരയാൻ തോന്നിയില്ല. തുട വേദനിക്കു ന്നുണ്ടു. കയ്യു മുറിഞ്ഞിരിക്കുന്നു. ചില്ലിൻെറ കഷ്ണം കയ്യിന്മേൽനിന്നെടുക്കുമ്പോറം........ ഹാ ! ഓക്കാൻവയ്യു ! മൂന്നാമത്തെ അടിയും. വേഗം ഓടി—മുററത്തേക്ക്.

അച്ഛൻ പി ന്നി ലു ണ്ടോ എന്നു തി രിഞ്ഞു നോക്കി. ഇല്ല ആ സിഗരററു കുററി എന്നെ നോക്കി കൊഞ്ഞനം കാട്ടുകയാ ണെന്നു് തോന്നി.

അതു് കഴിഞ്ഞിട്ടിപ്പോറം കുറെ ദിവ സമായിട്ടുണ്ട്. പിന്നെ എന്തു ചെയ്യു മ്പോഴും തെററായിരിയ്ക്കുമോ എന്ന ... തോന്നൽ. പക്ഷേ കല്യാണി ചോറു... ക്കുമ്പോലെ തന്നെ താനും ചോറുണ്ടാ... നോക്കുകയാണല്ലോ. അതിലൊരു കുറ... മുണ്ടാവില്ല.

കീഴ്പോട്ടു നോക്കി. ചിരട്ടയി... ണ്ടായിരുന്ന വെള്ളമെല്ലാം ചിന്തിയി... ക്കുന്നു. ചിരട്ട ഒരു ഭാഗത്തേക്ക് ചരി... കിടക്കുന്നുണ്ടു. വീണ്ടും ഇളിച്ചം ! ചി... തട്ടിത്തെറിപ്പിച്ചു. തിരിഞ്ഞു പോക... ഭാവിച്ചപ്പോഴാണ് അച്ഛൻ വരുന്നതു... ണ്ടതു്. തീപ്പെട്ടി തിരക്കിയായിരിക... ഭാവിയെപററി യാതൊരു രൂപവുമി... യിരുന്നു. ഓടാൻതന്നെ തീരുമാനിച്ചു...

വയലിന്നക്കരെയെത്തിയപ്പോറം ... മ്മയുടെ ശബ്ദം കേറംക്കാമായിരുന്നു. ... ക്ഷെ നിന്നില്ല...........അങ്ങേകരയിലുള്ള... വായിരുന്നു ലക്ഷ്യം. മാവിൻചുവട്ടി... ത്തിയപ്പോഴും സംശയമായിരുന്നു. തെ... ണോ ചെയ്തതെന്നു്.

അച്ഛൻ തന്നെ അന്വേഷിച്ചായ... ന്നില്ല വന്നതു്. അച്ഛൻ റോഡിലേ... കയറിപ്പോയി. അപ്പോഴും സംശയമാ... രുന്നു......................തെററാണോ ചെ... തെന്നു് ?

# നിരാശയിൽ നിന്ന്

കെ. പി. എം. അലി, മഞ്ചേരി, പി. ഡി. സി. II

ആ രൂപം എന്റെ മനസ്സിൽ തെളിഞ്ഞു വരുന്നു. നരച്ച് വെളുത്ത ഒരു താടിക്കാരൻ. ചുക്കിചുളിഞ്ഞതെങ്കിലും മന്ദസ്മിതം തൂകുന്ന മുഖം. കയ്യിൻ ഒരു ലതർ ബേഗുമായി അയാൾ എന്റെ മുന്നിൽ നില്ക്കുന്നു. നൂറുനൂറു സ്വപ്നങ്ങളുടെ ശ്മശാനത്തിലും ശാന്തമായി പുഞ്ചിരി തൂകാൻ കഴിയുന്ന മനുഷ്യൻ!


''നിരാശപ്പെടരുത്'' നൂറുനൂറു തിക്താനുഭവങ്ങളുടെ തീച്ചൂളയിൽനിന്നും രൂപംകൊണ്ട ആ അഭിപ്രായവുമായി അയാൾ വന്നു. ഒരു തത്വചിന്തകന്റെ ചിന്താശകലങ്ങളെക്കാൾ ആ വാക്കുകൾ എന്നിൽ സ്വാധീനം ചെലുത്തി.

''നിരാശപ്പെടരുത്'' പുഞ്ചിരി തൂകുന്ന ആ മുഖത്തിൽനിന്ന് പുറപ്പെട്ട ആ ശബ്ദം ഞാൻ പലപ്പോഴും കേൾക്കാറുണ്ട്'' ''ഇല്ല. ഞാൻ ഒരിക്കലും....'' അപ്പോഴെല്ലാം ഞാൻ മന്ത്രിക്കും.

അന്നൊരു ഞായറാഴ്ച ദിവസമായിരുന്നു. അതൊരു ഇരുണ്ട ദിവസമായിരുന്നില്ല. കാർമേഘപടലങ്ങൾ എവിടെയും അടിഞ്ഞുകൂടിയിരുന്നില്ല. തലേനാളത്തെ കൊടുങ്കാററിനും പേമാരിക്കും ശേഷം ഒരു തെളിഞ്ഞ ദിവസം. അറബിക്കടലിന്റെ ഇരമ്പൽ ശക്തി കുറഞ്ഞിരുന്നു.

പക്ഷെ ഹൃദയം! അവിടം ഇരുണ്ടിരുന്നു. കാർമേഘങ്ങൾ അടിഞ്ഞു കൂടിയിരുന്നു.

തകരുന്ന പ്രതീക്ഷകൾ! .... വേദന[...]പ്പിക്കുന്ന ചിന്തകൾ ........... തുറിച്ചു നേ[...]ക്കുന്ന കടപ്പാടുകൾ അവ എന്റെ ആത്[...] വിശ്വാസം തകർക്കുകയായിരുന്നു.



ഞാൻ റൂമിൽനിന്നും പുസ്തകവുമായ[...] ഇറങ്ങി നടന്നു. ഹോസ്റ്റലിന്റെ പിന്നിലെ[...] പുളിമരത്തിന്റെ ചുവട്ടിൽ നല്ല ത[...]പ്പാണ്. ''സുഖമായി വായിക്കാം. [...]രുടേയും ശല്യമില്ല. കുറേ എഴുതുവാനുണ്[...] അതിലേറെ വായിക്കാനും.

''വായിച്ച് വായിച്ച് മതിയായ[...]രിക്കുന്നു. എത്രവായിച്ചാലും മുഴുവൻ ചോ[...]ദ്യങ്ങൾക്കും ഉത്തരമെഴുതാൻ കഴിയാറി[...] അല്ലെങ്കിൽ കഴിഞ്ഞ പരീക്ഷക്ക് എ[...]യധികം പ്രതീക്ഷകളോടെയാണ് [...]താൻ പോയത്. എത്ര എത്ര രാത്രിക[...] ഉറക്കമിളച്ചു വായിച്ചു. കൂട്ടുകാർ ''പ[...]

കപ്പുഴ''വെന്നും ''കരണ്ടി''യെന്നും കളി യാക്കി. പക്ഷെ അതൊന്നും വകവെച്ചില്ല. ഒരു നിമിഷവും കളയാതെ വായിച്ചു.

കമ്പസ്റ്റ്യൻ പേപ്പർ കയ്യിൽ കിട്ടിയ പ്പോൾ കയ്യുകൾ വിറക്കുകയായിരുന്നു. എല്ലാ പ്രതീക്ഷകളും തകരുകയായിരുന്നു. അടുത്ത ദിവസം നോക്കാം. അടുത്ത ദി വസം പേപ്പർ കയ്യിൽ കിട്ടി. പരതി നോക്കി. തല ചുററുകയാണോ? ഞാൻ സംശയിച്ചു.''

അങ്ങനെ ദിവസങ്ങളോരോന്നു് കഴി യുംതോറും ആകാശക്കോട്ടകൾ തകന്നു് ത കന്നു് വീഴുന്നതായി കണ്ടു. 'ഭാഗ്യക്കേടു! അല്ലാതെന്താണു്. എത്ര വായിച്ചാലും തല യിൽ നിൽക്കുല്ല. എത്ര മനസ്സിരുത്തി വായിക്കാൻ ശ്രമിച്ചതാണു്. പലപ്പോഴും അതിന്നു കഴിയാറില്ല. ഇരുപത്തിനാലു മണിക്കൂറും പുസ്തകം മുമ്പിലുണ്ടാകും. പക്ഷെ മനസ്സു് പുസ്തകത്തിൽനിന്നും വള രെ ദൂരെയായിരിക്കും.''

ഞാൻ പുളിമരത്തിൻെറ ചുവട്ടിൽ എത്തിയതറിഞ്ഞില്ല. ടവ്വൽ വിരിച്ചു ഇരുന്നു.

പുസ്തകത്തിൻെറ താളുകൾ ഓരോ ന്നായി മറിഞ്ഞു കൊണ്ടിരുന്നു. അറബി കടലിൻെറ ഇരമ്പൽ അപ്പോഴും നോക്കാ തിരുന്നില്ല. ചാലിയാറിൻെറ ശബ്ദം അ തിൽ ലയിച്ചു ചേന്നു. അകലെ നിന്നു് പുക തുപ്പി ചീറിപ്പായുന്ന ഒരു വണ്ടിയുടെ ശബ്ദവും കേൾക്കാതിരുന്നില്ല.

പക്ഷെ, അതൊന്നും എന്നെ ആകഷി ച്ചില്ല. അനന്തതയിലേക്കു് കണ്ണുംനട്ടുകൊ ണ്ടു് ഞാനിരുന്നു. എൻെറ ചിന്തകൾ പുസ്ത കത്തിൽനിന്നും ദൂരെ ആ കൊച്ചു ഗ്രാമ ത്തിൽ പറന്നെത്തിയിരുന്നു. ''അവിടെ ആ കൊച്ചു ഗൃഹത്തിൽ ഒരു കൂട്ടം പ്രതീക്ഷ കളുമായി എൻെറ വൃദ്ധ മാതാവും പിതാവും കഴിയുകയാണു്. എനിക്കവരോടൊരു കട പ്പാടുണ്ടു്. ആ പ്രതീക്ഷകൾ തകക്കാതി രിക്കാൻ ഞാൻ ശ്രമിച്ചു നോക്കി. പക്ഷെ കഴിയുന്നില്ല. അവ തകരുന്ന മട്ടാണു് കാണുന്നതു്. ''ഇല്ല എനിക്കു് കഴിയു കയില്ല.'' അവ തകരുകതന്നെ ചെയ്യും.''

ആ ശബ്ദം എൻെറ കാതിൽ വന്ന ലച്ചു.

''നല്ലവണ്ണം ശ്രമിക്കു''

ബാപ്പയുടേതാണതു്. ഇല്ല. എനിക്കിനി സാധ്യമല്ല. ഞാൻ ശ്രമിച്ചു. അങ്ങേ അററം ശ്രമിച്ചു. എനിക്കിനി സാദ്ധ്യമല്ല. ക്ഷമി ക്കണം! ബാപ്പാ! ക്ഷമിക്കണം.''

നിരാശ അതെന്നെ കാന്നു തിന്നുക യായിരുന്നു. ഞാൻ നിസ്സഹായനാവുകയാ യിരുന്നു. നിരാശ നിറഞ്ഞ ആ നീറുന്ന ചിന്തകൾ എന്നെ നശിപ്പിക്കുകയായി രുന്നു.

ആ ചിന്തകൾ നീളുകയായിരുന്നു. പുസ്തകവും ഞാനുമായുള്ള ബന്ധം തകത്തു കൊണ്ടു്.

''അസ്സലാമു അലൈക്കും'' എവിടെ നിന്നാണതു് കേട്ടതു് എനിക്കറിഞ്ഞുകൂടാ. ചുററുപാടും നോക്കി. മുമ്പിൽ ഒരു വൃദ്ധൻ. വെള്ള വസ്ത്രവും തൊപ്പിയും ധരിച്ച, ഒരു നരച്ചു്, വെളുത്ത താടിക്കാരൻ. കയ്യിൽ ഒരു ലതർ ബേഗുമുണ്ടു്.

''വഅലൈക്കു് .......'' ഞാൻ പ്രത്യു ത്തരം നല്കി. അയാൾ ഇരിക്കാൻ ഭാവിച്ചു ഇരുന്നു.

''എന്താ പുസ്തകം നിലത്തിട്ടിരിക്കു ന്നതു്?'' അതെ പുസ്തകം എന്നിൽനിന്നും

വളരെ ദൂരെയായിരുന്നു. "എന്താ കരയുന്നുണ്ടോ?'' ഉണ്ടാവാം. എനിക്കറിഞ്ഞുകൂടാ. ''എന്തിനാ കരയുന്നതു് ?" അയാൾ വീണ്ടും ചോദിച്ചു. ''എന്തിനാ കരയാതിരിക്കുന്നതു് ?" അതാണെനിക്കു് ചോദിക്കാൻ തോന്നിയതു്.

''നിങ്ങളൊക്കെ കരയാണെങ്കിൽ! ഞങ്ങളൊക്കെ കരഞ്ഞു മരിക്കണം'' അയാൾ തുടന്നു.

അതെന്തോ! എനിക്കറിഞ്ഞുകൂടാ. പുഞ്ചിരിതൂകിനില്ക്കുന്ന ആ വൃദ്ധൻെറ ഹൃദയം എൻേറതിനെക്കാൾ നിരാശാനിർഭരമാണോ?

''കുറേ ബുദ്ധിമുട്ടൊക്കെ ഉണ്ടാവും? അതിനൊക്കെ കരഞ്ഞാലോ?'' അയാൾ ആശ്വസിപ്പിച്ചു.

ചുക്കിച്ചുളിഞ്ഞതെങ്കിലും പുഞ്ചിരി വിട്ടൊഴിയാത്ത ആ മുഖം ഞാൻ പലപ്പോഴും കോളേജങ്കണത്തിൽ കണ്ടിട്ടുണ്ടു്. അപ്പോഴെല്ലാം ആ ലതർബേഗും കയ്യിലുണ്ടായിരുന്നു. ''നിങ്ങളുടെ ആരെങ്കിലും ഇവിടെ പഠി........?'' ഞാൻ ചോദിച്ചു.

ആ ചോദ്യം കേട്ട അയാൾക്കു് എന്തോ സംഭവിച്ചപോലെ തോന്നി. ആ വിട്ടൊഴിയാത്ത പുഞ്ചിരി അല്പനേരത്തേക്കു് വിട്ടുമാറി. കാർമേഘങ്ങൾ അടിഞ്ഞുകൂടി അന്തരീക്ഷമാകെ ഇരുട്ടിലാണ്ട ഒരു പ്രതീതി. അടുത്തതു് മഴയാണു്.

ഇല്ല, ആ കണ്ണുകൾ കരഞ്ഞില്ല. അയാൾക്കെന്തോ പറയാനുണ്ടായിരുന്നു. അയാൾ എന്തോ ചിലതു് ഒതുക്കാൻ ശ്രമിക്കുന്നതുപോലെ തോന്നി. ആ ശ്രമത്തിൽ അയാൾ വിജയിച്ചു. ആ മുഖത്തു് ഒരു പുഞ്ചിരി–ഒരു നേരിയ പുഞ്ചിരി കാണാതിരുന്നില്ല. അയാൾ പറയാനുള്ളതു് ...യാൻ തുടങ്ങി.

വാർദ്ധക്യത്തിലേക്കു് കാലൂന്നിയ ... യാൾ ഓമന പുത്രനെ കോളേജിലയ... പ്പോൾ ഒരായിരം സ്വപ്നങ്ങൾ കണ്ടിരു... ആ സ്വപ്നങ്ങൾ യാഥാർത്ഥ്യങ്ങളായി മ... മെന്നു അയാൾ വിശ്വസിച്ചു. പ്രാർത്ഥി... ആഴ്ചയിലൊരിക്കൽ മകനെ വന്നുകാ... ഞ്ഞാൽ ഹൃദയം നിറുമായിരുന്നു. ... കൊല്ലത്തെ പ്രോഗ്രസുകാർഡു് ക... പ്പോൾ അയാൾ ആനന്ദംകൊണ്ടു തുള്ളി... ടി. തൻെറ പ്രതീക്ഷകൾ യാഥാർത്ഥ്യങ്ങ... വുന്നതു് അയാൾകണ്ടു്. അയാൾക്കു് ... വിയിൽ ഒട്ടും ആശങ്കയുണ്ടായിരുന്നില്ല.

ഒരു ദിവസം അതു സംഭവിച്ചു. ത... പ്രിയപ്പെട്ട ബാപ്പയെ ഒരു നോക്കുപോ... കാണാൻ കഴിയാതെ ആ ഓമനപുത്ര... പോയി. ഒരിക്കലും മടങ്ങിവരാത്ത... ണ്ണും അവൻ പോയി. കച്ചവടവും ക... ഞ്ഞു മടങ്ങിവന്നപ്പോൾ ആ വൃദ്ധൻ ക... തു് തൻെറ തകൻ പ്രതീക്ഷകളുടെ ശ്മശാ... മാണു്.

അയാൾ ഹൃദയംപൊട്ടി മരിച്ചി... ആരോടും പരാതിപ്പെട്ടില്ല. ക്ഷമി... തൻെറ പൊട്ടിതകൻ ആകാശകോട്ടകള... നൊമ്പരം മനസ്സിലൊതുക്കികൊണ്ടു് ... യാൾ ശാന്തനാകാൻ ശ്രമിച്ചു. അയാ... പിന്നെയും കോളേജിൽ വന്നുപോയി... ണ്ടിരുന്നു തൻെറ പ്രിയപ്പെട്ട പുത്ര... സഹപാഠികളെ കാണാൻ.

''നിങ്ങളൊക്കെ കാണുമ്പം എനി... ക്കു് വല്യ സന്തോഷമാണു്'' അങ്ങനെ... ണു് അയാൾ പറഞ്ഞതു്.

''നിരാശപ്പെടരുതു്'' ഞാനെ...

കഥകൾ പറഞ്ഞുകേൾപ്പിച്ചപ്പോൾ അയാളെന്നോടു പറഞ്ഞവാക്കുകളാണതു്.

എല്ലാം തകൎന്നിട്ടും ജീവിതത്തിന്റെ ബാലൻസ് തെററാത്ത ആ വൃദ്ധനോടു് എനിക്കു് ബഹുമാനം തോന്നി.

"നല്ലവണ്ണം പഠിക്കണം. നിരാശപ്പെടരുതു്'' അയാൾ സലാം ചൊല്ലിപിരിഞ്ഞപ്പോൾ ഒരിക്കൽക്കൂടി പറയാൻ മറന്നില്ല. ''ഇല്ല ഞാൻ നിരാശപ്പെടുകയില്ല. ഞാൻ പഠിക്കും നല്ലവണ്ണം പഠിക്കും"

ഞാൻ മന്ത്രിച്ചു. ആ നല്ല മനുഷ്യൻ മെല്ലെ മെല്ലെ നടന്നു നീങ്ങുന്നതു് ഞാൻ നോക്കിനിന്നു. അയാൾ എന്റെ ദൃഷ്ടിയിൽനിന്നും മറഞ്ഞുകളഞ്ഞു.

പക്ഷെ ! ആ രൂപം എന്റെ മനസ്സിൽനിന്നും മായുകയില്ല, ആ ശബ്ദം മറക്കുകയില്ല.

എനിക്കു നിരാശയിൽ നിന്നു മോചനം നല്കിയ ആ മനുഷ്യനെ എനിക്കു മറക്കാൻ സാദ്ധ്യമല്ല.

# ഓർമ്മകൾ:

**— പി. പി. സഫിയ,** III ബി. ..



"പ്രിയപ്പെട്ട മിനീ........ ഈ ചേട്ടന്റെ, ഹൃദയം മുഴുവൻ നിന്നെക്കുറിച്ചുള്ള ചിന്തകളാണ്." വേദനകളുടെയും നെടുവീർപ്പുകളുടെയും ലോകമായ ഈ ആശുപത്രി കെട്ടിടത്തിന്റെ 6-ാം നമ്പർ മുറിയിൽ മൃദുലതയാന്ന് പട്ടമെത്തയിൽ കിടക്കുമ്പോഴും നിന്നെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാൻ ശ്രമിച്ചിട്ടില്ല.

കാരണം,

അന്ധകാരം നിറഞ്ഞ ജീവിതപന്ഥാവിലേക്ക് സ്നേഹത്തിന്റെ കൈത്തിരിയുമായ് കടന്നു വന്നത് നീ മാത്രമാണ്.

കൊച്ചുപെങ്ങളെ........ആശകൾ നശിക്കുമ്പോൾ പറയുവാനും കേൾക്കുവാനും സ്മൃതികൾ മാത്രം അവശേഷിക്കുമ്പോൾ ജീവിതം വെറുമൊരു മരുഭൂമിപോലെ വരളുന്നു. അപ്പോൾ ആത്മഹത്യയുടെ കുളിർകാററിനെ ആശ്ലേഷിക്കുന്നത് ഒരാശ്വാസമാണ്. പക്ഷെ ഞാനത് ചെയ്തില്ല സഹോദരീ........നിന്റെ ഭാവി സുരക്ഷിതത്വത്തിനുവേണ്ടി വീണ്ടും ജീവിക്കുവാൻ നിർബ്ബന്ധിതനായി സഹോദരീ........

പണ്ട് ഭംഗിയായി അലങ്കരിച്ചു വെച്ചിട്ടുള്ള ആ കൊച്ചുമുറിയിൽ പുസ്തകങ്ങ ടെ ലോകത്തിൽ ജീവിച്ചുകൊണ്ടിരിക്കു എന്നെ നീവന്ന് വിവിധ ചോദ്യങ്ങ ചോദിച്ച് ശല്യപ്പെടുത്തികൊണ്ടിരിക്കു അവസാനം "മിനീ! നീപോയി നിന്റെ മലയാളം പുസ്തകമെടുത്ത് വായിക്കു" എന്ന് ഞാൻ കുറച്ചുച്ചത്തിൽ പറഞ്ഞാൽ പ ന്നെനിനക്ക് പരാതിയായി. ആ പരൽ മീനിനെപ്പോലുള്ള നയനങ്ങളിൽ നിന്നു രണ്ടരുവികൾ ഒലിച്ചിറങ്ങാൻ തുടങ്ങും മുഖവും വീർപ്പിച്ച് നീ കോവണിച്ചുവട്ടിൽ പോയി പിണങ്ങിയിരിക്കും.

കൊച്ചനുജത്തീ...........

നിന്റെ കണ്ണീര് കാണാനുള്ള കെല്പ് ഈ ചേട്ടനുണ്ടായിരുന്നില്ല. കാരണം ഒരു വയസ്സ് നിനക്ക് തികയും മുമ്പെ നമ്മുടെ അമ്മ നമ്മെ വിട്ടു പിരിഞ്ഞുപോയി. പക്ഷെ ആ നഷ്ടം നമ്മെ അറിയാതെ ലാളിച്ചുവളർത്തിക്കൊണ്ടുവന്ന നമ്മുടെ പ്രിയപ്പെട്ട അച്ഛൻ വെറും 4 വയസ്സ് മാത്രം പ്രായമായ നിന്നെ എന്റെ കൈകളിലേല്പിച്ചുകൊണ്ടാണ് അന്ത്യശ്വാസം വലിച്ചത്. മിനീ........ഇനി നിനക്ക് അച്ഛനും അമ്മയുമായിട്ടുള്ളത് ഈ ഒരു ചേട്ടൻ മാത്രമാണ്. ലീലയുടെ അച്ഛൻ ദുഷ്ടനായിരുന്നെങ്കിലും അമ്മ നമ്മുടെയും അമ്മയായിരുന്നു. നമ്മുടെ വീട്ടിൽ വന്ന് ജോലി ചെയ്തു തരുന്നത് പലതവണ അദ്ദേഹം വിലക്കിയിട്ടുണ്ടെങ്കിലും ത്യാഗമനസ്കയായ ആ അയൽക്കാരി വീട്ടുജോലികൾ യാതൊരു ക്രമക്കേടും കൂടാതെ നടത്തിയിരുന്നു.

പകൽ മുഴവനും ലീലയുടെ വീട്ടിൽത്തന്നെ കഴിച്ചുകൂടിയ നീ സന്ധ്യയായപ്പോഠം ഓടിവന്നു ചോദിച്ചു.

''ചേട്ടാ! ലീലേച്ചിയുടെ കല്യാണത്തിന്നു് പോരുണില്ലെ? ചേട്ടനെ ചോദിച്ചു് ചേച്ചി എന്തൊരു കരച്ചിലാണെന്നൊ.''

കൊച്ചുപെങ്ങളെ........നെഞ്ചിന്നുള്ളിൽ ഇടിമിന്നലുളവാക്കിയ ചോദ്യങ്ങളായിരുന്നവയെന്നു് ഒരു പക്ഷെ നീ അറിഞ്ഞിരിക്കയില്ല.

''മോളു് പൊയ്ക്കൊ, ചേട്ടൻ വരാം'' എന്നു പറഞ്ഞു തീരുംമുമ്പെ കണ്ണുകഠം നിറഞ്ഞൊഴുകിപ്പോയി. നിന്നിൽനിന്നു് പല തവണ ഞാൻ മറച്ചുവെക്കാൻ ശ്രമിച്ചിട്ടുള്ള ആ രഹസ്യം നീ കണ്ടുപിടിച്ചു.

''ചേട്ടനെന്തിനാണു് കരയുന്നതു്'' എന്നു നീ ചോദിച്ചപ്പോഠം ''ചേട്ടന്നു് തലവേദനിക്കുന്നുണ്ടു് മോളെ'' എന്നുമാത്രം ഞാൻ മറുപടി നല്കി. പക്ഷെ നീ അതുകൊണ്ടു് തൃപ്തിപ്പെട്ടില്ല.

''അതൊന്നുമല്ല. ചേട്ടൻെറ വത്താനം കേഠക്കുമ്പം ചേച്ചീം ചേച്ചീടെ വത്താനം കേഠക്കുമ്പം ചേട്ടനും കരയ്ണതു് ഞാൻ കുറച്ചു ദിവസായി കണ്ടുതുടങ്ങീട്ടു്. എന്നോട്ടു് പറയില്ലെ ചേട്ടാ''...എന്നു നീ വീണ്ടും ചോദിച്ചപ്പോഠം ഞാനന്നു് പറഞ്ഞില്ലെ ''മോഠക്കു് ഇപ്പോഴതു് മനസ്സിലാവുകില്ലെന്നും നീ വളന്നു് വലിയ ഒരാളായിത്തീരുമ്പോഠം നിനക്കതു് മനസ്സിലായിക്കൊള്ളുമെന്നും''.

മിനീ! അന്നുമുതൽ ജീവിതത്തിൻെറ ഒരേ ഒരു ലക്ഷ്യം നീ മാത്രമായിരുന്നു. നിനക്കുവേണ്ടിയെങ്കിലും ജീവിക്കണമെന്നു് എൻെറ ഹൃദയം എന്നോടു് മന്ത്രിച്ചു. അതെ! അങ്ങു് വിദൂരതയിൽനിന്നും വരൻെറ ആഗമനത്തിൻെറ കൊട്ടും വാദ്യവും കേട്ടുതുടങ്ങിയപ്പോഠം നിനക്കുള്ള ആ കത്തു മേശപ്പുറത്തു് വെച്ചുകൊണ്ടു്—നിന്നെ വിധിയുടെ കൈകളിൽ ഏല്പിച്ചുകൊണ്ടു്—ആ പാതിരാത്രി ഞാൻ സ്ഥലം വിട്ടു. ശ്വാസംമുട്ടിക്കുന്ന ആ നാട്ടിൽ പിന്നീടെനിക്കു് ഒരു നിമിഷംപോലും ജീവിക്കുവാൻ സാധിച്ചില്ല സഹോദരി! നിൻെറ ഹൃദയംനൊന്തുകൊണ്ടുള്ള പ്രാത്ഥനകൊണ്ടു തന്നെയാവാം ഇവിടെയെത്തി അധികനാഠം കഴിയുംമുമ്പെ പട്ടാളത്തിലേക്കെടുത്തതും.

കൊച്ചനിയത്തീ .....കഴിഞ്ഞതെല്ലാം മറക്കാൻ ശ്രമിക്കുംതോറും നിൻെറയും നിൻെറകൂടെ സദാനേരവും പുഞ്ചിരിതൂകിക്കൊണ്ടു് നടക്കാറുള്ള നിൻെറ ലീലേച്ചിയുടെയും രൂപങ്ങഠം എൻെറ മനോമുകുരത്തിൽ തെളിഞ്ഞുയരുകയാണു്.

ലീല—അതെ, ഒരുകാലത്തു് എൻെറ ജീവിതത്തിൻെറ എല്ലാമായിരുന്നു അവഠം. എൻെറ ജീവൻതന്നെ അവളായിരുന്നു. പക്ഷെ..... ..............

അന്നൊരിക്കൽ നീലരാവിൻെറ നിശ്ശബ്ദതയിൽ, വനമുല്ല മലരുകളുടെ ഇളംകാററൂതിയപ്പോഠം, മധുവുറുന്ന മധുര ചഷകംപോലെ അമ്പിളിക്കല മുകിൽമാലകളിൽ പുഞ്ചിരിച്ചുനിന്നപ്പോഠം അങ്ങകലത്തുനിന്നും ഒരു ഗാനത്തിൻെറ ഏതാനും ചില ഈരടികഠം എൻെറ ഹൃദയത്തെ കോഠമയിർകൊള്ളിച്ചപ്പോഠം എൻെറ ഹൃദയം അന്വേഷിച്ചു, ''ആ ദേവത ആരാണു്'' പൂണ്ണചന്ദ്രൻെറ നിലാവെളിച്ചത്തിൽ അങ്ങകലെ ഭൂമിയിലും എനിക്കൊരു പൂണ്ണചന്ദ്രനെ കാണാൻ സാധിച്ചു.

''ലീലേ! ഈ പാതിരാത്രിയിൽ എന്താണിങ്ങിനെ തനിച്ചു് പുറത്തിരിക്കുന്നതു്'' എന്നുഞാൻ നിന്നോടുചോദിച്ചു. അപ്പോഠംതന്നെ ഉരുളക്കുപ്പേരിയെന്നപോലെ നീയും ചോദിച്ചു, ''രാജനെന്താണു് ഈ പാതിരാത്രിയിലിങ്ങനെ തനിച്ചു് പുറത്തിറങ്ങിനടക്കുന്നതെന്നു്.''

''ഞാനെൻെറ ഇണക്കുരുവിയെ തേടി പ്പുറപ്പെട്ടതാണെ''ന്നു് മറുപടി നല്കിയ പ്പോഠം ''ഞാനും'' എന്നു പറഞ്ഞു് നീ ആ മുഖവും താഴ്ത്തി നാണിച്ചു നിന്നപ്പോഠം ലീലേ! വാസ്തവത്തിൽ ഞാൻ സംശയിച്ചു പോയി അതൊരു തണ്ടൊടിഞ്ഞ താമര യാണൊ മുഖമാണൊ എന്നു്.

അങ്ങിനെ നമ്മുടെ ഈ നിത്യസമ്മേളനങ്ങഠംക്കെല്ലാം തന്നെ ദൃക്സാക്ഷിയായിനിന്നിരുന്ന അമ്പിളിക്കല മുകിൽ മാലകളുടെ മറവിൽനിന്നു് എത്തിനോക്കി പുഞ്ചിരിച്ചു കൊണ്ടിരിക്കുമ്പോഠം ഞാൻ സംശയിക്കും അവൻ നിൻെറ രഹസ്യ കാമുകനാണൊയെന്നു്. ''രാജു! ഞാൻ അങ്ങയുടെതു് മാത്രമാണു്'' എന്നു നീ അന്നു പറഞ്ഞപ്പോഠം, ''ലീലാ! നീ കള്ളം പറയുന്നു. ഞാനതു് വിശ്വസിക്കില്ല'' എന്നു തമാശയായി ഞാനും പറഞ്ഞു. ഒരു പ്രേമസാമ്രാജ്യം മഴവില്ലു് സൃഷ്ടിച്ച മുഖത്തു് പെട്ടെന്നു്കാർമേഘങ്ങഠം തടിച്ചു കൂടുന്നതാണു് ഞാൻ കണ്ടതു്. ഒരു തപ്തഹൃദയത്തിൽ നിന്നും നിർഗ്ഗളിച്ച ബാഷ്പകണങ്ങഠം പൂച്ചെടികളിൽവീണു് ചിന്നിച്ചിതറിയപ്പോഠം അവിടെ ഞാൻ ആത്മാർത്ഥമായൊരു ഹൃദയം ദർശിച്ചു. ലീലെ! നിൻെറ ആത്മാർത്ഥതയിൽ ഞാനിന്നും വിശ്വസിക്കുന്നു. പക്ഷെ ചുണ്ടിൽ പുഞ്ചിരിയും നെഞ്ചിൽ കാളക്കൂടവുമായിനടക്കുന്ന നിൻെറ അച്ഛൻ നമ്മെ വഞ്ചിച്ചു ലീലേ........

തണുത്ത കരസ്പർശമേററപ്പോഠം ഞെട്ടി തിരിഞ്ഞുനോക്കി. നേഴ്സ് മറിയക്കുട്ടിയാണു്.

''മറിയക്കുട്ടി! നിങ്ങളാ കത്തു് ഒരാവർത്തിക്കൂടി വായിക്കൂ''. വായിക്കാനറിയാത്തതുകൊണ്ടല്ല അങ്ങനെ പറഞ്ഞതു്. ആ കത്തു് വായിക്കുവാൻ ഞാനശക്തനായിരുന്നു. അവർ ആ കത്തു് വായിച്ചു.

''പ്രിയപ്പെട്ട രാജേട്ടാ........

വർഷങ്ങളോളമായി നാടുവിട്ടുപോയ ചേട്ടൻെറ വരവും പ്രതീക്ഷിച്ചു് ഒരു കൊച്ചനുജത്തി മൈലുകഠംക്കപ്പുറം ഇരുന്നു് കണ്ണീർ വാക്കുന്നുണ്ടെന്നു് ചേട്ടൻ അറിയുന്നുണ്ടോ? ചേട്ടാ! എനിക്കു് ചേട്ടനെ കാണാൻ എന്തൊരു കൊതിയാണെന്നോ? ഒന്നു വരൂ ചേട്ടാ! ഞാൻ കാത്തിരിക്കും. ലീലേച്ചിയ്ക്കും അമ്മയ്ക്കും ചേച്ചിയുടെ കുട്ടി നീനയ്ക്കും സുഖംതന്നെ. ലീലേച്ചിയുടെ അച്ഛൻ കഴിഞ്ഞ ഓണത്തിന്നു് മരിച്ചു. ചേട്ടനയക്കുന്ന പണമൊന്നുംതന്നെ ഇവർ എനിക്കുവേണ്ടി ചിലവഴിക്കാറില്ല. അതെല്ലാം തന്നെ അവർ എൻെറ പേരിൽ ബേങ്കിൽ നിക്ഷേപിക്കുകയാണു്. ചേട്ടാ! എൻെറ S. S. L. C. പരീക്ഷയുടെ റിസഠംട്ടു് 27-ാംനു- അറിയും. അതിന്നുമുമ്പു് ചേട്ടൻ എത്തിച്ചേരണം. ഞാൻ കാത്തിരിക്കും.

എന്നു് കൊച്ചനുജത്തി മിനി.

കത്തു് മുഴുവൻ ക്ഷമയോടുകൂടെ വായിച്ചു കേഠംക്കത്തക്ക സഹനശക്തി എനിക്കുണ്ടായിരുന്നില്ല. തലയണയിൽ മുഖമമർത്തി തേങ്ങിക്കരഞ്ഞുതുടങ്ങി.

''മറിയക്കുട്ടീ! നിങ്ങളൊന്നുപോവൂ, എനിക്കൊന്നു കരയണം, പോവൂ മറിയക്കുട്ടീ!'' സങ്കടം സഹിക്കവയ്യാതെ ഞാൻ പുലമ്പി. ഒരു വല്ലായ്മയോടെ അവർ നടന്നനീങ്ങുന്നതു് നോക്കിനില്ക്കാൻ സാധിച്ചില്ല.

[മറിയക്കുട്ടീ! എൻെറ വാക്കുകഠം നിങ്ങളെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ എന്നോടു ക്ഷമിക്കൂ. വികാരങ്ങളുടെ തീജ്വാലയിൽ വിവേകം ഒരു കടലാസ്സു്തുണ്ടം കണക്കെ എരിഞ്ഞടങ്ങുകയായിരുന്നു.]

കൊച്ചനുജത്തീ! നീ ഈ ചേട്ടനെ ഇനി കാത്തിരിക്കരുതു്. ഞാൻ തിരിച്ചു വരില്ല മിനീ! വഞ്ചകരായ ശത്രുക്കളുടെ പീരങ്കി വെടികഠം ബലഹീനമാക്കിയ എൻെറ വലത്തെ കാലു് ക്രമേണ സുഖം പ്രാപിച്ചു്വരികയാണു്. പക്ഷെ ഞാൻ തിരിച്ചുവരില്ല സഹോദരീ....നിന്നെക്കാ

ഞാൻ ആഗ്രഹമില്ലാഞ്ഞിട്ടല്ല. ജീവിതം ആത്മഹത്യയുടെ വക്കിലോളം ചെന്നുമുട്ടുമ്പോഴും ജീവിതാശ നിഴലിച്ചുകണ്ടതു് ആ മുഖത്തു് മാത്രമാണു്. പക്ഷെ എന്തുചെയ്യും. ഒരു ജവാനായ എൻെറ കത്തവ്യം എന്താണെന്നു് നിനക്കു് ഞാൻ പറഞ്ഞുതരേണ്ട ആവശ്യമില്ലല്ലൊ?

''മിസ്റ്റർ. രാജൻ, ഈ മരുന്നു് കഴിക്കൂ''. ശബ്ദം കേട്ടു് കണ്ണു് തുറന്നു നോക്കി. അതെ! ചുണ്ടിൽ പുഞ്ചിരിയും കണ്ണിൽ കവിതയുമായി, ഒരു വെള്ളപ്രാവിനെപ്പോലെ, വേദനകളുടെ മാത്രമായ ഈ ലോകത്തു് ആശ്വാസത്തിൻെറ മുന്തിരിച്ചാറു് പകന്നുതന്നു് പാറിപ്പറന്നു നടക്കുന്ന ആ തരുണീരത്നം മറിയക്കുട്ടിതന്നെയായിരുന്നു അതു്.

''പ്രിയപ്പെട്ട മറിയക്കുട്ടീ! എനിക്കൊന്നു് എഴുന്നേററിരിക്കണം''. ഞാനവരോടു് കേണപേക്ഷിച്ചു.

''വേണ്ട രാജൻ. എഴുന്നേററാൽ കാലിലെ മുറിവു് ഇളകും. കുറച്ചു ദിവസങ്ങൾകൂടെ അനങ്ങാതെ കിടക്കുകയാണെങ്കിൽ പരസഹായം കൂടാതെത്തന്നെ നിങ്ങൾക്കു് എഴുന്നേററു നടക്കാം''. അവർ സ്വാഭാവികമായുള്ള ആ കൊഞ്ചലോടുകൂടി മൊഴിഞ്ഞു.

പക്ഷെ അതുകൊണ്ടു് ഞാൻ തൃപ്തനായില്ല. ഞാൻ വീണ്ടും വീണ്ടും അപേക്ഷിച്ചു. മറിയക്കുട്ടീ! മൈലുകൾക്കപ്പുറം എൻെറ വരവും പ്രതീക്ഷിച്ചു്കൊണ്ടിരിക്കുന്ന എൻെറ കൊച്ചനുജത്തിക്കു് ഞാനൊരു കത്തെങ്കിലും എഴുതട്ടെ സഹോദരീ! നിങ്ങളെന്നെ സഹായിക്കൂ...............''

അതെ! പൂവിതളിനെക്കാളും മാദ്ദവമേറിയ ആ കരപല്ലവങ്ങളാൽ അവളെന്നെ താങ്ങി. തുളച്ചുകയറുന്ന വേദന കടിച്ചിറക്കിക്കൊണ്ടു് ഞാൻ കട്ടിലിൽ ചാരിയിരുന്നു. ദിവസങ്ങളോളമായി മിനിക്കൊരു കത്തെഴുതണമെന്നുദ്ദേശിച്ചു് കൊണ്ടുവന്നു വെച്ചിരുന്ന ആ നീല ഇൻലൻറു് മറിയക്കുട്ടിയെക്കൊണ്ടു് എടുപ്പിച്ചു. ഞാനെഴുതാൻ തുടങ്ങി.

''പ്രിയപ്പെട്ട മിനീ............

നിൻെറ കത്തുകൾ വായിക്കുമ്പോൾ കരയാതിരിക്കുവാനുള്ള കരുത്തു് ഈ ചേട്ടന്നു് ഒരു കാലത്തും ഉണ്ടായിട്ടില്ല. ഒരു പക്ഷെ നീയും കരഞ്ഞുകൊണ്ടാവാം എനിക്കുള്ള കത്തുകളെഴുതുന്നതു്. കൊച്ചനുജത്തീ..........നീ ഈ ചേട്ടനുവേണ്ടി കാത്തിരിക്കരുതു്. എനിക്കുവേണ്ടി നീ ഒരു തുള്ളിപോലും കണ്ണീർ വാക്കരുതു്. മിനീ! നിനക്കറിയാമൊ മാതൃഭൂമിയുടെ സുരക്ഷിതത്വം എന്നെപ്പോലുള്ള ജവാന്മാരുടെ കൈകളിലാണു് നിലകൊള്ളുന്നതെന്നു്. മാതൃഭൂമിയോടുള്ള ഒഴിച്ചുകൂടാത്ത കടമകൾ നിന്നെ വന്നു കാണുന്നതിൽനിന്നെന്നെ വിലക്കിയിരിക്കയാണു്. അന്ത്യ ശ്വാസം വലിക്കുന്നതുവരെ ഈ ചേട്ടൻ ജന്മനാടിൻെറ സുരക്ഷിതത്വത്തിന്നുവേണ്ടി പോരാടും. ചോരക്കൊതിയന്മാരായ ശത്രുക്കൾ എന്നെപ്പോലുള്ള ജവാന്മാരുടെ രക്തം കുടിച്ചു് സംതൃപ്തിനേടിയാൽ ബാക്കിയുള്ളവരെങ്കിലും സ്വൈരമായി ജീവിക്കാമല്ലൊ? അതുകൊണ്ടു് കൊച്ചനുജത്തീ! തൊ കളുടെ മട്ടുപ്പാവിൽ ഇരുന്നുകൊണ്ടു് ഞാനവസാനമായി അപേക്ഷിക്കുകയാണു്, നീ ഈ ചേട്ടനുവേണ്ടി കരയരുതെന്നു്. ഇനി നിനക്കു് താങ്ങും തണലുമായിട്ടുള്ളതു് നിൻെറ ലീലേച്ചി മാത്രമാണു്. ലീലേച്ചിയുടെ കൊച്ചനുജത്തിയായി സുഖസമ്പൂർണ്ണമായ ഒരു ജീവിതം നയിച്ചു ഇന്നു നീ ഒരുപക്ഷെ ഈ ചേട്ടനെച്ചൊല്ലി കുറച്ചു വിഷമിച്ചേക്കാം. പക്ഷെ കാലക്രമത്തിൽ നിൻെറ വിഷമങ്ങളെല്ലാം നീങ്ങിക്കൊള്ളും. അന്നു നീ മാതൃഭൂമിയുടെ സുരക്ഷിതത്വത്തിന്നുവേണ്ടി ജീവത്യാഗം ചെയ്ത ഈ ചേട്ടനെ ഓത്തു് അഭി

കൊള്ളം. മിനീ! വീരചരമമടഞ്ഞ ഒരു ധീരജവാൻെറ സഹോദരി – അവരം എന്നും എവിടെയും ബഹുമാന്യയാണ്. സുശോഭനമായ ഒരു ഭാവിക്കുവേണ്ട സകലവിധ മംഗളങ്ങളും നേർന്നുകൊണ്ട്,

നിൻെറ രാജേട്ടൻ''

കത്ത് ഞാൻ മറിയക്കുട്ടിയുടെ പക്കൽ പോസ്റ്റ് ചെയ്യാൻ കൊടുത്തു.

മഞ്ഞു മൂടിയ പർവ്വത ശിഖരങ്ങളിൽ, കൊടും തണുപ്പിൽ നിറതോക്ക് ചൂണ്ടിക്കൊണ്ട് ശത്രുവിനെ കാത്തിരുന്നപ്പോഴും ഞാൻ നിന്നെക്കുറിച്ചോർത്തിരുന്നു. പണ്ട് എൻെറ വർത്തമാനം കേരംക്കുമ്പോരം കരയും എന്നു നീ പറഞ്ഞ ലീലേച്ചിയെക്കുറിച്ചും.

ആ നശിച്ച നാടിനി ഞാൻ ഒരിക്കലും കാണില്ല മിനീ! നിൻെറ ആദ്യത്തെ കത്തിലെ വരികളിന്നും ഞാനോർമ്മിക്കുന്നു. ''രാജേട്ടാ! ഈ കൊച്ചനുജത്തി അറിഞ്ഞുംകൊണ്ട് ചേട്ടനോട് യാതൊരുതെററും ചെയ്തിട്ടില്ല. എന്നോടുള്ള വെറുപ്പുകൊണ്ടല്ലേ ചേട്ടൻ എന്നെ ഏകാന്തതയിലേക്ക് വലിച്ചെറിഞ്ഞുകൊണ്ട് ഇറങ്ങിപ്പോയത്. എനിക്കിനി ആരുണ്ട്ചേട്ടാ! വീടെല്ലാം പൂട്ടിയിട്ട് ഞാനിപ്പോരം ലീലേച്ചിയുടെ കൂടെയാണ് താമസിക്കുന്നത്.''

[സ്നേഹം നിറഞ്ഞ കൊച്ചു സഹോദരീ നീ ഈ ചേട്ടനോട് യാതൊരു തെററും ചെയ്തിട്ടില്ല. ജീവിതം മുഴുവൻ വേദനയനുഭവിക്കേണ്ടവനെന്നു മുദ്രയടിക്കപ്പെട്ട ഞാൻ തന്നെയാണ് എന്നോട് തെററു ചെയ്തത്.]

പെട്ടെന്നു തിരിഞ്ഞു കിടന്നപ്പോഴാണ് മറക്കാനാവാത്ത കടുത്ത വഞ്ചനയുടെ ചരിത്രലിപിപോലെ കറുത്ത വടുവോടുകൂടെ കാലിൽ കാണപ്പെടുന്ന ആ മുറിവ് ഞാൻ ആശുപത്രിയിലാണ് കിടക്കുന്നതെന്നകാര്യം എന്നെ ഓർമ്മിപ്പിച്ചത്. കത്ത് പോസ്റ്റ്ചെയ്ത് തിരിച്ചെത്തിയ മറിയക്കുട്ടിയോടു ഞാൻ വീണ്ടും പറഞ്ഞു.

''സ്നേഹ സമ്പന്നയായ സഹോദരീ! ദയവുചെയ്തു നിങ്ങളെന്നെ പോകാനനുവദിക്കൂ. എനിക്ക് പോവണം മറിയക്കുട്ടീ''.

''രാജൻ നിങ്ങരം തീരെ ബുദ്ധിയില്ലാത്തവരെപ്പോലെ സംസാരിക്കുന്നതെന്തുകൊണ്ടാണ്. കാലിലെ മുറിവ് പരിപൂർണ്ണമായു് ഉണങ്ങാതെ നിങ്ങളെങ്ങോട്ടാണ് പോവുന്നത്.'' അവളെന്നോട് തിരക്കി.

ഞാൻ പറഞ്ഞു, ''ആ മുറിവ് സാരമില്ല സഹോദരീ! 'എന്നെപ്പോലുള്ള ആയിരക്കണക്കിന്ന് ജവാന്മാർ മാതൃഭൂമിയുടെ സുരക്ഷിതത്വത്തിന്നുവേണ്ടി നാടും വീടും ഉപേക്ഷിച്ച് മഞ്ഞും മഴയും വേനലും സഹിച്ച് അതിർത്തികളിൽകിടന്നു് പോരാടുമ്പോരം എന്നെപ്പോലുള്ള ജവാന്മാർക്ക് ഈ പട്ടുമെത്തയിൽ കിടക്കാൻ സാധിക്കില്ല. ഈ പട്ടുമെത്തനിറയെ കാരമുള്ളുകളാണ്. അതെ! കടുത്തവേദന പ്രദാനംചെയ്യുന്ന കാരമുള്ളുകരം.ഞാൻ പോകുന്നു മറിയക്കുട്ടീ''....

കിടക്കയിൽനിന്നു് ചാടിയെഴുന്നേല്ക്കാൻ ശ്രമിച്ചു. പക്ഷെ തലച്ചോറിനെ രണ്ടായി പിളർത്തുന്ന രീതിയിലുള്ള കടുത്ത വേദന കാലിലെ മുറിവിൽനിന്നു് പുറപ്പെട്ടു. ഉച്ചത്തിൽ കിടന്ന കിടപ്പിൽ കിടന്നു് കരയുവാനല്ലാതെ മറെറാന്നിന്നും തന്നെ ഞാൻ ശക്തനായിരുന്നില്ല. എന്നാലും കിടന്നേടത്ത് കിടന്നുകൊണ്ടുതന്നെ ഞാനലറി,


''നമ്മുടെ മണ്ണു് പരിശുദ്ധമാണ്. അതൊരിക്കലും അശുദ്ധമായിക്കൂടാ........''

ചെറുകഥ

# "വിധി....."

ഒ. അബ്ദുല്ലകുട്ടി, I പി. ഡി. സി.

പുറത്തുനിന്നും തട്ടുന്നതിന്റെയും മുട്ടുന്നതിന്റെയും ശബ്ദം കേൾക്കുന്നുണ്ട്. എ



വിടെയും ബഹളമാണ്. എല്ലാവരിലും ആഹ്ലാദത്തിന്റെ പുതുരക്തം ഒഴുകുന്നു.

ശരീരത്തിലെ രോമങ്ങൾപോലും നരച്ച, മുത്തച്ഛനും പന്തൽപണിക്ക് തട്ടുകയും മുട്ടുകയും ചെയ്യുന്നുണ്ട്.

അമ്മ ], കിടന്ന് പരക്കം പായുന്നു. ഏതവസരത്തിലും, ശുഷ്കിച്ച ആ ശരീരം മറിഞ്ഞുവീഴും. പക്ഷെ, ആ പുതിയ ആഹ്ലാദം എല്ലാവരിലും ചൈതന്യം പ്രദാനം ചെയ്യുന്നു.

എനിക്കുവേണ്ടി ആരുംതന്നെ ബുദ്ധിമുട്ടരുതെന്നാണ് എന്റെ വിനീതമായ ആഗ്രഹം.

ജീവിതത്തിൽ ദുഃഖങ്ങൾ ഉണ്ടായാലും ഒരിക്കൽ ഒരറുതിയുണ്ടെന്ന് ഞാൻ കേട്ടിട്ടുണ്ട്; അതിന്നവസാനം ആനന്ദമാണെന്നും പക്ഷെ, എന്നെ സംബന്ധിച്ചേടത്തോളം ഈ ദുഃഖങ്ങൾ ഹരമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ദുഃഖത്തിന്റെ ഒരു നീണ്ട ചരിത്രമാണെന്റേത്. എന്റെ സമസ്ത പ്രതീക്ഷകളും സങ്കല്പങ്ങളും ഒരു കാലത്ത് അച്ഛന്റെ അഭീഷ്ടത്തിന്നായി അടിയറ വെക്കേണ്ടി വന്നു.

ഒന്നിച്ചു വളർന്നവരാണ് ഞാനും രാജേട്ടനും. ഞാൻ അദ്ദേഹത്തിന്റെ മുറപ്പെണ്ണായിരുന്നു. വസന്തകാലത്തിന്റെ സൗഭാഗ്യങ്ങളും തൈത്തെന്നലിന്റെ കൊച്ചലകളും ഞങ്ങൾ ഒരുമിച്ചനുഭവിച്ചു-ആഹ്ലാദിച്ചു.

രാജേട്ടൻ എന്റേതു മാത്രമായിരുന്നു; ഞാനദ്ദേഹത്തിന്റേതും. എന്റെ അമ്മയുടെ തറവാടാണ് രാജേട്ടന്റെ വീട്. രാജേട്ടന്റെ അച്ഛൻ എന്റെ അമ്മാമനാണ്.

ഞാനും അമ്മയും അച്ഛനുമെല്ലാം കുറച്ചകന്ന് ഒരു വീട്ടിലാണ് താമസിക്കുന്നത്.

കാലം നീങ്ങിക്കൊണ്ടിരുന്നു..........
പരിതഃസ്ഥിതിക്കു ഞങ്ങൾ വഴങ്ങിക്കൊ

ടക്കേണ്ടിവന്നു. അധികമൊന്നും കാണാൻ സാധിച്ചിരുന്നില്ല; കണ്ടാൽത്തന്നെ സംസാരിപ്പാനും. എന്നാൽ രാജേട്ടൻ എന്റെ ഹൃദയത്തിന്റെ തുടിപ്പായിരുന്നു.

മുഗ്ദ്ധസങ്കല്പങ്ങളുടെ എത്രയെത്ര മണിമാലകൾ ഞാൻ അദ്ദേഹത്തിന്റെ കണ്ഠത്തിൽ ചാർത്തിയിട്ടില്ല !

നാലുകെട്ടിൽവെച്ച് ഇടക്കു കാണും, ഒന്നു പുഞ്ചിരിക്കും.

ആ പുഞ്ചിരിക്ക് വെണ്ണിലാവിന്റെ പരിശുദ്ധിയും സാഗരത്തിന്റെ ആഴവും ഉണ്ടായിരിക്കും.

കാററു തിരിച്ചു വീശി. മന്ദം മന്ദം ചലിച്ചിരുന്ന പായക്കപ്പൽ ഇളകിത്തുടങ്ങി. കാററിന്റെ ഗതിക്കനുസരിച്ച് പായ അഴിച്ചുകെട്ടേണ്ടിവന്നു. അല്ലെങ്കിൽ കപ്പൽ മറിയും.

മോഹന സങ്കല്പങ്ങൾ സാക്ഷാൽകരിക്കപ്പെട്ടില്ല. മുഗ്ദ്ധസങ്കല്പങ്ങൾ മണ്ണടിഞ്ഞു. നാദബ്രഹ്മത്തിന്റെ നിതാന്തമായ ചലനം അവസാനിച്ചു.

അച്ഛൻ വേറൊരാൾക്ക് വാക്കു കൊടുത്തിരുന്നു. അമ്മാമനും, അമ്മയും തമ്മിൽ പറയുകയല്ലാതെ അച്ഛനോട് ഞങ്ങളുടെ വിവാഹത്തെപ്പററി പറഞ്ഞിരുന്നില്ല.

അച്ഛന്റെ വാക്കു പാലിക്കപ്പെടണമെങ്കിൽ, കുടുംബത്തിന്റെ അഭിമാനം സംരക്ഷിക്കപ്പെടണമെങ്കിൽ അച്ഛൻ തീരുമാനിച്ച വിവാഹം നടക്കണം. ഈ കാര്യത്തിൽ അച്ഛനെ പഴിച്ചിട്ടു കാര്യമില്ല; എന്നുവേണ്ട ആരേയും.

എല്ലാം എന്റെ വിധിയാണ്, വിധി ! എന്റെ കണ്ണീർ വററി.

ഒരു കസ്റ്റംസ് ക്ലർക്ക് എന്നെ വിവാഹംചെയ്തു. ക്രമേണ എന്റെ ദുഃഖത്തിന്നു ഒരു ശമനം ഉണ്ടായി. എത്രയും ലാഘവത്തോടെയാണദ്ദേഹം എന്നോടു പെരുമാറിയതു്. സന്തോഷത്തിന്റെ സന്ദേശവുമായി അദ്ദേഹം ഓഫീസു് വിട്ടു വരും. എന്തിനധികം പറയുന്നു,

ഞാൻ നിർഭാഗ്യവതിയാണ്. മുൻജന്മത്തിൻ എന്തെങ്കിലും കുററം ചെയ്തിട്ടുണ്ടാകും. അതിന്റെ ശിക്ഷയാണിതു്. അദ്ദേഹം മരിച്ചു. ഒരു ടൈഫോയ്ഡു്— കഴിഞ്ഞു; ഒരു ഘട്ടം അവസാനിച്ചു എന്റെ ജീവിതത്തിന്റെ. മുരടിച്ച പുളിമാവിൽ പടർന്നുകിടക്കുന്ന അരിമുല്ല എത്രയോ പ്രാവശ്യം പൂവിട്ടു; തളിർത്തു.

ഞാനിന്നും ജീവിക്കുന്നു. എന്നിൽ ഉണ്ടായിരുന്ന പ്രത്യേക ചൈതന്യം ഇന്നില്ല.

ദിവസവും അമ്പലത്തിൽ പോവും. കണ്ണാടിയിൽ നോക്കുമ്പോൾ എനിക്കു തോന്നാറുണ്ടു് ഞാനൊരു പഴയ സംസ്കാരത്തിന്റെ അവശിഷ്ടമല്ലേ എന്നു്.

രാജേട്ടന്റെ വിവാഹം അടുത്താണു് കഴിഞ്ഞതു്.

ഇടക്കെല്ലാം വീട്ടിൽവരും. അദ്ദേഹത്തിന്റെ രൂപം എന്റെ കണ്ണിൽപെടാതിരിക്കാൻ ഞാൻ ശ്രമിക്കും. അന്തരാത്മാവിന്റെ വിങ്ങിപ്പൊട്ടൽ !

എന്റെ ജ്യേഷ്ഠനായ ഉണ്ണ്യേട്ടന്നു് എന്റെ സ്ഥിതിയിൽ അഗാധമായ ദുഃഖമുണ്ടു്.

ഒരു കൂമ്പടഞ്ഞ വാഴപോലെ ഞാൻ വീട്ടിൽ നില്ക്കുന്നതു് ഏട്ടന്നു് സങ്കടമാണ്.

വിവാഹം എന്റെ ദുഃഖത്തിന്നു് ഒരു മരുന്നായി ഏട്ടൻ കണക്കാക്കുന്നു. ഒരുപക്ഷെ മഴക്കാറു നീങ്ങും; എത്ര അധികം പരീക്ഷിക്കപ്പെട്ടു. ഈ പരീക്ഷണത്തിൽ ഒരു വിജയം അസാദ്ധ്യമാണൊ ?

വീട്ടിലെ ബഹളങ്ങളാം എന്റെ മന സ്സിനു് കുളിർമ്മ നല്കുന്നില്ല. വളരെ ആർ ഭാടത്തോടെ വിവാഹം നടത്താനാണു് ഏട്ടൻ തീരുമാനിച്ചിരിക്കുന്നതു്.

എന്നെ സന്തോഷിപ്പിക്കുവാനാകും ജ്യേഷ്ഠന്റെ തീരുമാനം.

കുട്ടികാലംക്കു് ഏഴോണം ഒപ്പം വന്നാലും ഇത്ര സന്തോഷമുണ്ടാവില്ല.

പ്രിയപ്പെട്ട പിഞ്ചോമനകളെ, നിഷ്ക ളങ്കരായ നിങ്ങളുണ്ടോ ഇതൊരു പുലയടി യന്തിരമാണെന്നറിയുന്നു ?

ഒരു കാൽപെരുമാററം കേട്ടു.

തലയിണയിൽ നിന്നും തലപൊ ന്തിച്ചുനോക്കി. അമ്മയാണു്.

"ഇങ്ങിനെ കിടന്നാൽ പററ്വാ മോളേ. മോളു് സാരിമാററി അമ്മാവന്റെ വീട്ടിലോളം ഒന്നു പൊയ്ക്കോ" അമ്മ പറഞ്ഞു.

ഞാൻ എഴുന്നേററു. അമ്മയുടെ ശബ്ദം സഹതാപത്തിന്റെ സ്വരമാണെന്നെനിക്കു തോന്നി. ഒരു കണക്കിനു ശരിയുമാണു്.

''എടാ ഗോപൂ, ചേച്ചീടെ കൂടെ അമ്മാവന്റെ വീട്ടിലോളം ഒന്നുചെല്ല്'' അമ്മ ഗോപുവിനോടു് വിളിച്ചു പറഞ്ഞു.

''ആ, ! അമ്മേ !'' എന്തു സന്തോഷമാണെന്നോ ആ ശബ്ദത്തിൽ.

ഞാൻ കുളിച്ചു. സാരിമാററി.

അടുക്കളയിലെത്തിയപ്പോഠം അടിച്ചു തളിക്കാരി പാറു ഭവ്യതയോടെ ചിരിച്ചു. നാളെ കൊച്ചമ്മ വിവാഹിതയാവാൻ പോകുന്നതിലുള്ള ആത്മാർത്ഥമായ സന്തോഷമാണോ നിഷ്കളങ്കയുടെ മുഖത്തു്.

അമ്മാമന്റെ പറമ്പിലെത്തി.

വൃദ്ധനായ കോമാവിന്റെ അടുത്തെത്തുംതോറും അതെന്നെത്തന്നെ നോക്കുന്നതു പോലെ എനിക്കു തോന്നി. ഓടിച്ചാടി, മാമ്പഴം പെറുക്കാൻ രാജനുമായി വന്നിരുന്ന കുസൃതിക്കാരിയായ പെൺകിടാവിന്റെ ദയനീയമായ കഥയിൽ സഹതപിക്കുന്നുണ്ടാകാം !

ഒരു മണവാട്ടിപ്പെണ്ണിന്റെ ആടിക്കുഴയലോടുകൂടി ചെല്ലാൻ എന്നെ വിധി സമ്മതിച്ചില്ല. നിർവ്വികാരമായി ഞാൻ അകത്തേക്കു കടന്നു.

വിധി—ആ ഘോരനായ വിഷപ്പാമ്പിന്റെ കൊത്തുകൊള്ളാൻ ആർക്കും ഇട വരാതിരിക്കട്ടെ.

സാധാരണയായി, മണവാട്ടികളെ കളിയാക്കുന്ന സരസമായ അമ്മായി എന്നെ കളിയാക്കാൻ മുതിർന്നില്ല. കളിയാക്കുന്നതുകൊണ്ടു എന്നിൽനിന്നുള്ള പ്രതികരണം സ്വാഭാവികമായും അവർക്കു ബോധമുണ്ടായിരിക്കാം.

നാട്ടുകാര്യങ്ങളും മററും പറഞ്ഞു.

ഞാനറിയാതെ എന്റെ നയനങ്ങളാം എവിടെയോ, ആരെയോ, തിരക്കുന്നു.

ഭാഗ്യവതിയായ ശ്രീദേവിയെയൊ, അതൊ, ബാല്യകാല സഖാവായ രാജേട്ടനെയൊ ?—എനിക്കുതന്നെ അറിയില്ല.

''എവിടെ രാജേട്ടൻ?'' ഞാൻ ചോദിച്ചു. ഞാനൊന്നു ഞെട്ടി ! എന്നിൽ നിന്നുതന്നെയാണൊ ആ ചോദ്യം ഉണ്ടായതു്.

ചോദിക്കരുതായിരുന്നു.

''മുകളിലുണ്ടു് ; ശ്രീദേവിയുമുണ്ടവിടെ''. അമ്മായി പറഞ്ഞു.

എങ്ങിനെ അങ്ങോട്ടു്, ആ മുറിയിലേക്കു്, അതും രാജേട്ടന്റെ അടുത്തേക്കു് ഞാൻ കയറിച്ചെല്ലും ?

''ശ്രീദേവിയുമുണ്ടവിടെ'' എന്നതിന്നു് "അവളെയും കണ്ടോളൂ'' എന്നാണു് അമ്മായി വിവക്ഷിക്കുന്നതു്.

പത്തുക്കെയാണെങ്കിലും കുറച്ചു ഉറക്കെച്ചവിട്ടിയാണു് ഞാൻ കോവണി കയറിയതു്. സ്വർഗ്ഗത്തിലേക്കു് ഒരു കട്ടുറുമ്പു് വരുന്നുണ്ടെന്നു് അവരും അറിഞ്ഞുകൊള്ളട്ടെ. കയറിച്ചെല്ലുമ്പോഴുംത്തന്നെ, ആരാണു് വരുന്നതെന്നു് നോക്കുന്ന ശ്രീദേവിയെക്കണ്ടു.

''ചേച്ച്യാ'' എന്നു പറഞ്ഞു എൻെറ അടുത്തേക്കു് അവരും ഓടിവന്നു.

ഞാൻ....ഞാൻ....ആ മുറിയിലേക്കു് കാലെടുത്തുവെച്ചു.

''ങ്ക് അ !'' രാജേട്ടൻ ചാടി എണീററു. ഞാനൊന്നു പുഞ്ചിരിക്കാൻ ശ്രമിച്ചു. അതു പരിപൂർണ്ണമായും പരാജയത്തിലാകലാശിച്ചതു്.

''മോളെ, ശ്രീ! '' അമ്മാമൻ ശ്രീദേവിയെ താഴത്തുനിന്നും, എന്തോ ആവശ്യത്തിന്നായി വിളിച്ചു.

ഒരു നിശ്ശബ്ദത മുറിയിൽ തങ്ങിനിന്നു. ഞാൻ രാജേട്ടനെ നോക്കി.

ഒരു കല്യാണപ്പെണ്ണിൻെറ നോട്ടമായിരുന്നോ അതു്, അതല്ല ഒരു വിധവയുടെ ദയനീയമായ നോട്ടമോ, അതുമല്ല, ഒരു ബാല്യകാല സഖിയുടെതോ ?

''ഇരിക്കു !'' രാജേട്ടൻ കിടക്കയിൽ ചൂണ്ടിക്കാണിച്ചു് പറഞ്ഞു. (ഇല്ല രാജേട്ടാ, ഞാനതിന്നു് അനർഹയാണു്).

ഞാൻ ഇരുന്നില്ല.

എൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. എൻെറ കണ്ണിലേക്കു് ഉററുനോക്കിക്കൊണ്ടിരുന്ന രാജേട്ടൻ പറഞ്ഞു :

''എല്ലാം വിധിയാണു് പ്രഭാവതീ!'' അതെ, രാജേട്ടാ. ബാല്യത്തിൽ ''പ്രഭ'' എന്നു മാത്രം വിളിച്ചിരുന്ന രാജേട്ടനിൽ നിന്നും എനിക്കു് പ്രഭാവതീ എന്നു മു... വൻ കേൾക്കേണ്ടിവന്നതും എൻെറ വിധിയാണു്.

സങ്കടം അണപൊട്ടി.

രാജേട്ടൻെറ കണ്ണിലും ജലം പൊടിയുന്നുണ്ടായിരുന്നു.

''നാം പ്രതീക്ഷിച്ചതല്ല ഇതൊന്നും'' അദ്ദേഹം പറഞ്ഞു.

ഞാൻ തേങ്ങിതേങ്ങിക്കരഞ്ഞു.

അദ്ദേഹം കണ്ണുനീർ തുടക്കുന്നുണ്ടായിരുന്നു.

ശ്രീദേവി മുറിയിലേക്കു് കടന്നുവന്നു.

ഈ രംഗം കണ്ടു് അവരും മിഴിച്ചുനിന്നു.